# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**

വാല്യം 43 ലക്കം 3
വാർഷിക വരിസംഖ്യ ₹100

Vol 43 No. 3
Annual Subscription ₹100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്
ഏപ്രിൽ 2025

**വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ**
**വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ**



മനുഷ്യകുലത്തെ പാപത്തിന്റെ
അടിമത്തത്തിൽനിന്നും സ്വതന്ത്രമാക്കാനുള്ള
ദൈവികപദ്ധതിയോടു
പൂർണമനസ്സോടെ സഹകരിച്ച
പരിശുദ്ധ കന്യകാമാതാവേ,
ഉത്ഥിതനീശോയുടെ സാന്നിദ്ധ്യാവബോധത്തിൽ
നിന്നുളവാകുന്ന പ്രത്യാശയോടെ ജീവിക്കാൻ
ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.
ആമ്മേൻ.



# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**
**Vol. 43 No. 3**

**വാല്യം 43 ലക്കം 3 ഉയിർപ്പുകാലം ഏപ്രിൽ 2025**


**"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"** (1 തെസ 4,3)


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**ഫ്ളവറി ചോതിരക്കുന്നേൽ A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജ്ജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**



**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- സ്വർഗപ്രഭയിൽ 5
- ഉത്ഥാനവും പ്രത്യാശയും 7
- ഉത്ഥിതമൊഴികൾ 10
- പ്രയാസമോ...? പ്രത്യാശിക്കുക 13
- മനുഷ്യവംശത്തിന്റെ പ്രത്യാശ 15
- ലോകരക്ഷകന്റെ മനുഷ്യാവതാരം 17
- ശാശ്വതവിശ്രാന്തിയിൽ 20
- തൊമ്മിയുടെ തിരികൾ 21
- അമസിയാ 23
- സെനക്കിൾ തരംഗം 26
- പ്രത്യാശയുടെ കിരണങ്ങൾ 27
- അമ്മയോടൊപ്പം 30

**എഡിറ്റോറിയൽ**

# സ്നേഹപ്രണാമം

ഉത്ഥിതനൊപ്പം നിത്യപിതാവിന്റെ ഭവനത്തിൽ ആയിരിക്കുവാൻ മിശിഹായുടെ ഭൂമിയിലെ വികാരി, തന്നെ ഏല്പിച്ച ദൗത്യം പൂർത്തിയാക്കി യാത്രയായി. എട്ടു പതിറ്റാണ്ടുകളും എട്ടു വത്സരങ്ങളും ഈ ഭൂമിയിൽ അദ്ദേഹം ജീവിച്ചത് മറ്റൊരു മിശിഹായായാണ്. പിന്നിട്ട ജീവിത സാഹചര്യങ്ങളെ മറക്കാതെ, കടന്നുവന്ന കനൽവഴികളെ പഴിക്കാതെ വർണ്ണ-വർഗ്ഗ-വംശ ഭേദ മെന്യേ ഏവർക്കും നങ്കൂരമായ വലിയ മുക്കുവൻ....

ലാളിത്യം മുഖമുദ്രയാക്കിയ വലിയ ഇടയൻ എന്ന് സംശയമെന്യേ പറയുമ്പോഴും അനു കരണീയമായ ആ മാതൃക ഞാനെത്രമാത്രം ജീവിതത്തിൽ പ്രാവർത്തികമാക്കി എന്നതു വിചി ന്തന വിഷയമാക്കേണ്ട കാര്യമാണ്. ഒരുപക്ഷേ പാർശ്വവത്കരിക്കപ്പെട്ടവർ എന്ന വാക്കുപോലും ലോകത്തിനു സുപരിചിതമായത് ഫ്രാൻസിസ് മാർപാപ്പയിലൂടെയാണ്. ലോകത്തിൽ നടമാടി യിരുന്ന സകല തിന്മകൾക്കുമെതിരേ ഉയർന്ന ഉറച്ച ശബ്ദം.... തെറ്റു ചെയ്തവരെ കൂട്ടായ്മ യിൽ നിന്നു പുറത്താക്കാതെ ദൈവത്തോടടുപ്പിച്ചു നിർത്തുന്നതിൽ ബദ്ധശ്രദ്ധനായിരുന്ന ശ്രേഷ്ഠ ഇടയൻ....

വേദനിക്കുന്നവരെയും ദുരിതമനുഭവിക്കുന്നവരെയും അദ്ദേഹം എന്നും പരിഗണിച്ചിരുന്നു. മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടശേഷം നടത്തിയ ആദ്യയാത്രപോലും അവഗണിക്കപ്പെട്ട വരെ ആശ്വസിപ്പിക്കാനായിരുന്നുവെങ്കിൽ, ഈ ലോകത്തിലെ അദ്ദേഹത്തിന്റെ അവസാന പെസഹാ, തന്റെ അനാരോഗ്യത്തെ അവഗണിച്ച് തടവുശിക്ഷ അനുഭവിക്കുന്നവരോടൊപ്പമാ യിരുന്നു.

ലോകത്തിന്റെ ഓരോ കോണിലും ഓടിയെത്തുവാൻ ആഗ്രഹിച്ച ആ പിതൃഹൃദയത്തിൽ സവിശേഷമായൊരു സ്ഥാനം ഭാരതത്തിനും ഉണ്ടായിരുന്നുവെന്നത് നീറുന്ന ഒരോർമ്മയായി ചരിത്രത്തിൽ അവശേഷിക്കുന്നു. ഒരാഴ്ച നീണ്ട ദക്ഷിണേഷ്യൻ സന്ദർശനത്തിനുശേഷം ഇന്ത്യയ്ക്കു മുകളിലൂടെ ഇറ്റലിയിലേയ്ക്കു പറക്കുന്ന വിമാനത്തിലിരുന്ന് ഇന്ത്യ സന്ദർശിക്കാ നുള്ള തന്റെ വലിയ ആഗ്രഹം അദ്ദേഹം ഒരിക്കൽക്കൂടി പ്രകടമാക്കി. എന്നാൽ ഔപചാരികത യുടെ സാങ്കേതികത്വം പറഞ്ഞ്, ഔപചാരികത തെല്ലും ഭാവിക്കാത്ത വലിയ ഇടയനെ ഒഴിവാ ക്കിയത് ഭാരത ചരിത്രത്തിലെ ഒരിക്കലും തിരുത്താനാവാത്ത അദ്ധ്യായമായി മാറി.


നർമ്മരസം നിറഞ്ഞ ജീവിതത്തിനുടമയായ പ്രാർത്ഥനയുടെ ആ വലിയ മനുഷ്യൻ തന്റെ ജീവിതത്തിലൂടെ നോമ്പിനും ഉപവാസത്തിനും പുതിയൊരു അർത്ഥം നല്കി. മറ്റുള്ളവർക്കു നന്മ ചെയ്തുകൊണ്ട് ദൈവവുമായി നല്ല ബന്ധം പുലർത്താൻ ആഹ്വാനം ചെയ്ത അദ്ദേഹം ക്രിസ്തീയതയ്ക്ക് പുതിയൊരു ചിത്രം നല്കി ലോകത്തിനു കൂടുതൽ സ്വീകാര്യമാക്കി. ലോക ത്തിൽ നിന്നും ഓടിയൊളിച്ചുകൊണ്ടല്ല, മറിച്ച് ആയിരിക്കുന്ന സാഹചര്യങ്ങളിൽ വീരോചിത മായി വിശുദ്ധി ജീവിക്കാൻ അദ്ദേഹം തന്റെ അജഗണത്തെ ധീരമായി ആഹ്വാനം ചെയ്തു.

ആഗോള കത്തോലിക്കാ സഭയ്ക്കും വത്തിക്കാൻ എന്ന കൊച്ചു രാജ്യത്തിനും മാത്രമല്ല, ലോകത്തിൽ നന്മ അവശേഷിക്കുന്ന ഓരോ ഹൃദയത്തിനും തീരാനഷ്ടമാണ് അദ്ദേഹത്തിന്റെ വിയോഗം. സ്വർഗ്ഗത്തിന്റെ നന്മ ഭൂമിയിൽ വർഷിക്കുന്ന വിശുദ്ധനായി അദ്ദേഹം പ്രഖ്യാപിക്ക പ്പെടുന്ന ധന്യനിമിഷത്തിനായി കാതോർത്ത്.... മഹത്തായ ആ ജീവിതത്തിനു മുമ്പിൽ പ്രണാമം!!!

**ചീഫ് എഡിറ്റർ**

# സ്വർഗപ്രഭയിൽ

സ്റ്റെഫി മംഗലത്തുകുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്



വലിയ മുക്കുവൻ നിത്യപിതാവിന്റെ ഭവനത്തിലേക്കു യാത്രയായി.... ലോകത്തിലെ ഏറ്റം ചെറിയ രാജ്യത്തിന്റെ തലവൻ, ആഗോള കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ, വത്തിക്കാനും കത്തോലിക്കാസഭയും മാത്രമല്ല ലോകം മുഴുവൻ അംഗീകരിച്ച വ്യക്തിയായിരുന്നു എന്നു തെളിയിക്കുന്നതായിരുന്നു ഈ ദിവസങ്ങളിൽ സോഷ്യൽ മീഡിയായിലൂടെ പ്രചരിച്ച അദ്ദേഹത്തിന്റെ ചിത്രങ്ങളും വാർത്തകളും.... ലോകം മുഴുവനെയും ഒന്നുപോലെ ചേർത്തുപിടിച്ച ആ വലിയ വ്യക്തിത്വത്തിനു ലോകം നൽകിയ പ്രണാമമായിരുന്നില്ലേ ജാതിമതഭേദമില്ലാതെ കാണപ്പെട്ട സ്റ്റാറ്റസും സ്റ്റോറിയും എല്ലാം?

ലാളിത്യത്തിനു പര്യായമായി ഫ്രാൻസിസ് പാപ്പ എന്നുപയോഗിക്കുമ്പോൾത്തന്നെ ആത്മീയതയിൽ ഉന്നതപടവുകൾ താണ്ടിയ വ്യക്തിയായിരുന്നു അദ്ദേഹം എന്നതു വിസ്മരിച്ചുകൂടാ.ആത്മീയതയുടെ പരിവേഷങ്ങളല്ല, ശുദ്ധഹൃദയമാണ് ഒരുവനെ ദൈവത്തിനും മനുഷ്യനും പ്രിയപ്പെട്ടവനാക്കുന്നത് എന്നു സ്വന്തം ജീവിതത്തിലൂടെയും വാക്കുകളിലൂടെയും അദ്ദേഹം പഠിപ്പിച്ചു. പുരോഹിതൻ മറ്റൊരു മിശിഹായാണ്; 'എന്നിൽനിന്നും പഠിക്കുവിൻ' എന്ന ഗുരുവചനം സ്വജീവിതത്തിൽ ആവർത്തിക്കുമാറ് മറ്റൊരു മിശിഹായായി ത്തീർന്ന വ്യക്തിത്വം!

അർജന്റീനയിലെ ഫുഡ് സയൻസ് ലാബിലെ രസതന്ത്രജ്ഞനെ ദൈവം ഈശോസഭാ വൈദികനാകാൻ വിളിച്ചത്, പത്രോസിന്റെ 266-ാമത്തെ പിൻഗാമിയായി തന്റെ സഭയെ നയിക്കുന്ന വലിയ ഇടയനെ അദ്ദേഹത്തിൽ ദർശിച്ചുകൊണ്ടാണ്. 1936 ഡിസംബർ 17 ന് അർജന്റീനയിൽ കൊളുത്തിയ ആ ദീപം 2013 മാർച്ച് 13 മുതൽ ഒരു വ്യാഴവട്ടക്കാലം പത്രോസിന്റെ സിംഹാസനത്തിലിരുന്നു പ്രഭ ചൊരിഞ്ഞു. 2025 ഏപ്രിൽ 21 ന് ആ ദീപം അണയുകയല്ല, കൂടുതൽ ജ്വലിക്കേണ്ടതിനായി ഉയർന്ന പീഠത്തിലേക്കു മാറ്റി വയ്ക്കപ്പെടുകയത്രേ ചെയ്തത്!

പാപികളെന്നു മുദ്രകുത്തപ്പെട്ടവർ മാറ്റിനിർത്തപ്പെടേണ്ടവരല്ല എന്നു പഠിപ്പിച്ച അദ്ദേഹം തിന്മയ്ക്കെതിരെ പുലർത്തിയ നിലപാടുകൾ കർശനമായിരുന്നു. സ്വവർഗ്ഗാനുരാഗികളോട് അദ്ദേഹം പുലർത്തിയ നിലപാടുകൾ അവർ ചെയ്ത തെറ്റിനെ ലഘൂകരിക്കാനായിരുന്നില്ല, മറിച്ച് പാപിയെ ദൈവത്തിലേക്ക് അടുപ്പിക്കാനുതകുന്നവയായിരുന്നു എന്നതു കാലം തെളിയിച്ചു. കുടിയേറ്റക്കാരും പാർശ്വവത്ക്കരിക്കപ്പെട്ടവരും എന്നും അദ്ദേഹത്തിന്റെ പരിഗണനാവിഷയമായിരുന്നു. അവസാന ശ്വാസം വരെ കഷ്ടതയനുഭവിക്കുന്നവരോടു ചേർന്നുനിന്ന വ്യക്തിയായിരുന്നു ഫ്രാൻസിസ് മാർപാപ്പ. യുദ്ധത്തെയും ഭീകരതയെയും അദ്ദേഹം നിശിതമായി വിമർശിച്ചു, ആയുധം താഴെവയ്ക്കാൻ കേണപേക്ഷിച്ചു, ഇനിയൊരു യുദ്ധമുണ്ടാകാതിരിക്കാൻ തീവ്രമായി പ്രാർത്ഥിച്ചു.

തന്നെ ഏല്പിച്ച അജഗണത്തിന്റെ കാര്യത്തിൽ മാത്രമല്ല, ലോകം മുഴുവന്റെയും സുസ്ഥിതി അദ്ദേഹത്തിന്റെ പരിഗണനാവിഷയമായിരുന്നു. മനുഷ്യന്റെ സുസ്ഥിതി അവന്റെ ജീവിതസാഹചര്യങ്ങളെയും ആശ്രയിച്ചിരിക്കുന്നു എന്നദ്ദേഹം ഉറച്ചു വിശ്വസിച്ചു. സഭ ലോകത്തിൽ നിന്നു വേറിട്ടു നിൽക്കുന്ന യാഥാർത്ഥ്യമല്ല എന്ന് അടിവരയിടുന്നതായിരുന്നു അദ്ദേഹത്തിന്റെ നാലു ചാക്രികലേഖനങ്ങൾ. 'വിശ്വാസത്തിന്റെ വെളിച്ചം' (2013 ജൂൺ 29) എന്ന ആദ്യ ചാക്രികലേഖനം വിശ്വാസത്തെപ്പറ്റി ഉദ്ബോധിപ്പിക്കുമ്പോൾ, രണ്ടാമത്തെ ചാക്രികലേഖനമായ 'ലൗദാത്തോ സീ' (2015 മെയ് 24) പരിസ്ഥിതി സംരക്ഷണത്തെപ്പറ്റിയുള്ള കത്തോലിക്കാസഭയുടെ നിലപാടുകൾ വ്യക്തമാക്കുന്നതായിരുന്നു. സാഹോദര്യത്തെയും സാമൂഹിക സൗഹൃദത്തെയും കുറിച്ചു പ്രതിപാദിക്കുന്ന 'ഫ്രത്തേല്ലി തൂത്തി' (2020 ഒക്ടോബർ 3) ലോകം മുഴുവൻ നെഞ്ചിലേറ്റിയ ചാക്രികലേഖനമാണ്. മുറിവേല്പ്പിക്കപ്പെട്ട മിശിഹായുടെ തിരുഹൃദയത്തെക്കുറിച്ചും ഈശോയുടെ മാനുഷിക - ദൈവിക സ്നേഹത്തെക്കുറിച്ചും പ്രതിപാദിക്കുന്നതാണ് അദ്ദേഹത്തിന്റെ അവസാന ചാക്രികലേഖനമായ 'അവിടുന്നു നമ്മെ സ്നേഹിച്ചു' (2024 ഒക്ടോബർ 24).

പ്രാർത്ഥനയുടെ വലിയ മനുഷ്യനായിരുന്നു അദ്ദേഹം. മാനുഷികമായ പ്രതീക്ഷയ്ക്കു വകയില്ല എന്നു തോന്നുമ്പോഴും അദ്ദേഹം ദൈവപിതാവിനെ അള്ളിപ്പിടിച്ചു. സംഹാരതാണ്ഡവമാടിയ കൊറോണ വൈറസിൽ നിന്നും ലോകത്തെ രക്ഷിക്കുവാൻ വിജനമായ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ അദ്ദേഹം നടത്തിയ പ്രാർത്ഥന കണ്ണുനീരോടെയല്ലാതെ ആർക്ക് ഓർമിക്കാനാവും?

ഔപചാരികതകളില്ലാത്ത വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. 'ദൈവദാസന്മാരുടെ ദാസനാ'ണ് മാർപാപ്പ എന്ന് അദ്ദേഹം തന്റെ ജീവിതത്തിലൂടെ തെളിയിച്ചു. എല്ലാ മനുഷ്യരേയും അവരുടെ മതവിശ്വാസങ്ങൾക്കതീതമായി അദ്ദേഹം ആദരിച്ചു. എല്ലാ വിഭാഗം ആളുകളും, തീവ്രവാദികൾപോലും ദൈവത്തിന്റെ മക്കളാണ് എന്നത് അദ്ദേഹത്തിന്റെ ഉറച്ച ബോധ്യങ്ങളിലൊന്നായിരുന്നു. അതേസമയം തന്നെ, സമാധാനത്തിനെതിരായ എല്ലാ പ്രവർത്തനങ്ങൾക്കുമെതിരെ അദ്ദേഹം ഉറച്ച ശബ്ദമായി നിലകൊണ്ടു. അവസാനശ്വാസംവരെ വേദനിക്കുന്നവരോടൊപ്പം നിന്ന വ്യക്തിയായിരുന്നു അദ്ദേഹം. മരണത്തിന്റെ തലേന്നാൾ, ഉയിർപ്പു തിരുന്നാൾ ദിനം നൽകിയ സന്ദേശത്തിലും പ്രതിഫലിച്ചിരുന്നത് ഈ കരുതലായിരുന്നുവല്ലോ.

ജീവിതം മുഴുവൻ കർത്താവിനും അവന്റെ സഭയുടെ സേവനത്തിനുമായി സമർപ്പിച്ച മഹത്വ്യക്തിത്വം. സുവിശേഷ മൂല്യങ്ങൾ വിശ്വസ്തതയോടും ധൈര്യത്തോടും സാർവ്വത്രിക സ്നേഹത്തോടും, പ്രത്യേകിച്ചു ദരിദ്രരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും പക്ഷം ചേർന്നുകൊണ്ട് ജീവിക്കാൻ നമ്മെ പഠിപ്പിച്ച മിശിഹായുടെ വികാരി. മിശിഹായുടെ യഥാർത്ഥ ശിഷ്യനെന്ന നിലയ്ക്ക് അദ്ദേഹം നല്കിയ മാതൃകയ്ക്ക് നമ്മുടെ സുവിശേഷാധിഷ്ഠിതമായ ജീവിതം വഴി കൃതജ്ഞതയേകാം.

സെനക്കിൾ ആദ്ധ്യാത്മികത - 100

# ഉത്ഥാനവും പ്രത്യാശയും



റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

**ക്രൈ**സ്തവജീവിതം പ്രത്യാശയുടെ ജീവിതമാണ്. യോഹന്നാന്റെ സുവിശേഷത്തിൽ വിശ്വാസം എന്നത് ജലത്താലും അരൂപിയാലും വീണ്ടും ജനിക്കുന്ന ഒരു ജീവിതമാണ് (യോഹ 3,5). അതിനുശേഷം വിശ്വാസത്തിന്റെ വിഷയമായ ഈശോയെ അവതരിപ്പിക്കുമ്പോൾ യോഹന്നാൻശ്ലീഹാ പറയുന്നു: “അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു” (യോഹ 3,16). ഈശോയുടെ ജീവിതവും മരണവും ലോകത്തോടുള്ള ദൈവപിതാവിന്റെ സ്നേഹത്തിന്റെ വെളിപ്പെടുത്തലായിരുന്നു. അപ്രകാരം ദൈവം തന്റെ സ്നേഹത്തെ വെളിപ്പെടുത്തിയത് ലോകത്തിന് അഥവാ മനുഷ്യകുലത്തിന് നിത്യജീവൻ നല്കുന്നതിനുവേണ്ടിയാണ്. ഈശോയിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണല്ലോ സഭ. തന്നിൽ വിശ്വസിക്കുന്നവർക്ക് ദൈവം നല്കുന്ന ഏറ്റം വലിയ ദാനമാണ് നിത്യജീവൻ. അതുകൊണ്ടാണ് ഈശോ സ്വയം ‘ജീവന്റെ അപ്പ’മായി അവതരിപ്പിച്ചത്: “സ്വർഗത്തിൽനിന്നിറങ്ങിയ ജീവന്റെ അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും” (യോഹ 6,51). പരി. കുർബാനയാകുന്ന ഈ അപ്പത്തെപ്പറ്റി യോഹന്നാൻശ്ലീഹാ തന്റെ സുവിശേഷം 6-ാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നുവെങ്കിൽ ലൂക്കാസുവിശേഷകൻ, ഇന്ന് അർപ്പി

ക്കപ്പെടുന്ന പരി. കുർബാനയർപ്പണത്തെപ്പറ്റി തന്റെ സുവിശേഷം 24-ാം അദ്ധ്യായത്തിലാണ് പ്രതിപാദിക്കുന്നത്.

**എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർ**

എമ്മാവൂസ് സംഭവം ഉത്ഥിതനായ ഈശോ അർപ്പിച്ച ആദ്യകുർബാനയാണ് (ലൂക്കാ 24,13-35). ഉയിർപ്പിന്റെ ദിവസം ജറുസലേമിൽനിന്ന് ഏകദേശം പതിനൊന്നു കിലോമീറ്റർ ദൂരത്തുള്ള എമ്മാവൂസിലേക്കു പോകുന്ന രണ്ടുപേർ സെനക്കിളിൽ പതിനൊന്നു ശ്ലീഹന്മാരോടും പരിശുദ്ധ കന്യകാമറിയത്തോടും കൂടെയുണ്ടായിരുന്ന 'മറ്റുള്ളവരിൽപെട്ടവരാണ്' (ശ്ലീഹ 1,12-26). അവർ ഈശോ ഉയിർത്തു എന്ന വാർത്ത സ്ത്രീകൾ പറഞ്ഞ് അറിഞ്ഞവരും അതു വിശ്വസിക്കാത്തവരുമാണ് (ലൂക്കാ 24,9). "രണ്ടുപേർ" സാക്ഷ്യത്തിന്റെ ഉറപ്പിനാവണം (നിയ 19,15). അവർ ഉയിർപ്പിന്റെ സ്ഥലമായ ജറുസലേമിൽനിന്ന് അതിന്റെ പരിസരത്തുള്ള എമ്മാവൂസിലേക്കാണ് പോകുന്നത്. എമ്മാവൂസിന്റെ പ്രാധാന്യം അതു ജറുസലേമിന് അടുത്താണ് എന്നതാണ്. അവരുടെ യാത്ര ഒരേ സമയം ജറുസലേമിനുള്ളിലും പുറത്തേക്കുമാണ്. ഇത് ഉയിർപ്പുവാർത്ത കേട്ടവരുടെ ആദ്യയാത്രയാണ്.

**സംസാരവിഷയം**

യാത്രയിൽ അവർ നസ്രായനായ ഈശോയെക്കുറിച്ച് - ആ ദിവസങ്ങളിൽ അവനെക്കുറിച്ച്, അവനെ കേന്ദ്രീകരിച്ചു ജറുസലേമിൽ നടന്ന സംഭവങ്ങളെക്കുറിച്ച് - പരസ്പരം സംസാരിച്ചും അന്വേഷിച്ചും കൊണ്ടിരുന്നു (24,14-15). "ജറുസലേമിൽ നടന്ന സംഭവങ്ങൾ" സുപ്രധാനങ്ങളാണ്. അവ നസ്രായനായ ഈശോയെക്കുറിച്ചുള്ളവയാണ്. അവ "നമ്മുടെയിടയിൽ നിറവേറിയ"വയിൽപ്പെടുന്നു (ലൂക്കാ 1,1). ഈശോയുടെ ഉയിർപ്പുവാർത്ത കേട്ടിരുന്ന അവർക്ക് ഈശോയെയും ഈ ദിവസങ്ങളിൽ ജറുസലേമിൽ ഉണ്ടായ സംഭവങ്ങളും വേണ്ടവിധം മനസ്സിലായിട്ടില്ല; മനസ്സിലാക്കണമെന്ന് ആഗ്രഹമുണ്ട്. അതിനാലാണ് അവർ ഈശോയെയും അവനോടു ബന്ധപ്പെട്ട സംഭവങ്ങളെയുംകുറിച്ച് യാത്രയിൽ സംസാരിക്കുകയും അന്വേഷിക്കുകയും ചെയ്തുകൊണ്ടിരുന്നത്. അവരുടെ സംസാരത്തിന്റെയും അന്വേഷണത്തിന്റെയും വിഷയമായ ഈശോ അവരുടെ കൂടെ യാത്ര ചെയ്തുകൊണ്ടിരുന്നിട്ടും അവർക്ക് "അവനെ തിരിച്ചറിയാൻ കഴിയാത്തവിധം അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നു" (ലൂക്കാ 24,16). അവരുടെ കണ്ണുകൾ തുറക്കാൻ ഈശോ അവരുടെ സംസാരവിഷയം ചോദിക്കുന്നു (24,17). അപ്പോൾ അവർ മ്ലാനവദനരായി വഴിയിൽ നിന്നു.

**ഈശോ സംസാരിക്കുന്നു**

ഈശോയുടെ ചോദ്യത്തിനു മറുപടിയായി ജറുസലേമിൽ നടന്ന ഈശോയുടെ മരണത്തെയും പിന്നീട് സ്ത്രീകളിൽനിന്നു കേൾക്കാനിടയായ ഉത്ഥാനത്തെയുംകുറിച്ച് അവർ അവിടുത്തോടു പറഞ്ഞു. ഉത്ഥാനത്തെക്കുറിച്ചുള്ള സ്ത്രീകളുടെ സാക്ഷ്യം സ്വീകരിക്കാൻ അവർ തയ്യാറല്ലായിരുന്നു. അപ്പോൾ മിശിഹായെപ്പറ്റി പഴയനിയമത്തിൽ പറഞ്ഞിരിക്കുന്ന പ്രവചനങ്ങളെല്ലാം ഈശോ അവർക്കു വിവരിച്ചുകൊടുക്കുകയും സംഭവിച്ചതെല്ലാം ദൈവികപദ്ധതിയിൽപെട്ടതായിരുന്നുവെന്ന് അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. കല്ലറയിൽ ഈശോയുടെ ശരീരം കണ്ടില്ല എന്ന വസ്തുതയുടെ ദൈവശാസ്ത്രപരമായ അർത്ഥമാണ് പ്രവാചകന്മാരുടെ തിരുലിഖിതങ്ങൾ തുറന്നു കാട്ടുന്നത്. എല്ലാ പ്രവാചകന്മാരും തിരുലിഖിതങ്ങളിലെഴുതിയിട്ടുള്ളത് ഈശോ വിവരിച്ചപ്പോൾ ക്ലെയോപ്പാസിന്റെയും സഹയാത്രികനായിരുന്ന ശിഷ്യന്റെയും ഹൃദയം ജ്വലിച്ചു. എന്നാൽ അവരുടെ കണ്ണു തുറന്നില്ല. ഉയിർത്തെഴുന്നേറ്റ ഈശോത

ന്നെയാണ് തങ്ങളോടു സംസാരിക്കുന്നതെന്ന് അവർക്കു മനസ്സിലായില്ല. ഈശോയെ തിരിച്ചറിയാൻ അവർക്കു കഴിഞ്ഞില്ല. എന്നാൽ വചനംകൊണ്ടു ഹൃദയം ജ്വലിച്ചതിനാൽ കണ്ണു തുറക്കുക എളുപ്പമാണ്.

**അപ്പം മുറിക്കുന്നു**

വഴിയിൽവച്ച് പ്രവാചകവചനം ഗ്രഹിച്ച് ഹൃദയം ജ്വലിച്ചതിനാൽ അവർ ഈശോയെ കൂടെ താമസിക്കാൻ നിർബന്ധിച്ചു. അതിനായി അവർ ചൂണ്ടിക്കാട്ടിയ കാരണം 'സന്ധ്യയാകാറായി' എന്നതാണ്. അവർ ഭക്ഷണത്തിനിരുന്നപ്പോൾ "അവൻ അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ച് അവർക്കു കൊടുത്തു (ലൂക്കാ 24,30). അപ്പോൾ അവരുടെ കണ്ണു തുറന്നു. അവർ അവനെ തിരിച്ചറിഞ്ഞു. പക്ഷേ, അപ്പോൾ അവൻ അവരുടെ മുമ്പിൽനിന്നു മറഞ്ഞു. അവരുടെ ആന്തരികനയനങ്ങളാണ് തുറക്കപ്പെട്ടത്. അവരുടെ ഹൃദയം രൂപാന്തരപ്പെട്ടു. അതിനാൽ തിരുലിഖിതത്തിലെ ബാഹ്യസംഭവത്തിലൂടെ അതിന്റെ ആന്തരികകേന്ദ്രം തിരിച്ചറിയാൻ അവർക്കു സാധിച്ചു. ആദത്തിന്റെ പുത്രനായ ഈശോ (ലൂക്കാ 3,23-38) അപ്പം മുറിച്ച് അവർക്കു കൊടുത്തപ്പോൾ അവർക്കുണ്ടായത് നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തിലെ ഫലം ഭക്ഷിച്ചപ്പോൾ ആദത്തിനും ഹവ്വായ്ക്കുമുണ്ടായ അനുഭവത്തിനു നേരെ വിപരീതമാണ്. കണ്ണുകൾ തുറക്കപ്പെട്ട അവർ ബാഹ്യമായതു മാത്രമല്ല കാണുന്നത്. "ഇതു തങ്ങളുടെ ഇന്ദ്രിയങ്ങൾക്കു ഗോചരമല്ലാത്ത, നവമായൊരു വിധത്തിൽ ജീവിക്കുന്ന കർത്താവാണെന്ന യാഥാർത്ഥ്യം ഇപ്പോൾ അവരുടെ ഇന്ദ്രിയങ്ങളിലൂടെ പ്രകാശിതമാകുന്നു" (പരിശുദ്ധ ബനഡിക്ട് പതിനാറാമൻ മാർപാപ്പാ).

**പരിശുദ്ധ കുർബാനാനുഭവം**

അന്ത്യത്താഴത്തിൽ അപ്പമെടുത്ത് ഈശോ ചെയ്ത പ്രവൃത്തികളാണ് ഇവിടെയും അവിടുന്നു ചെയ്തത്. സമയവും അത്താഴത്തിന്റേതുതന്നെ. ഇവിടെ "അപ്പമെടുത്ത് ആശീർവദിച്ചത്" ദൈവത്തെ വാഴ്ത്തി എന്നും അപ്പം ആശീർവദിച്ചു എന്നും വ്യാഖ്യാനിക്കാം. അപ്പം മുറിച്ച് ഈശോതന്നെ ശിഷ്യന്മാർക്കു കൊടുത്തു. ഈ അപ്പം മുറിക്കൽ ഈശോയുടെ അന്ത്യത്താഴത്തിന്റെ തുടർച്ചയും പൂർത്തീകരണവുമാണ്. "ദൈവരാജ്യത്തിൽ അതു പൂർത്തിയാകുന്നതുവരെ ഞാൻ ഇനി ഇതു ഭക്ഷിക്കുകയില്ല" എന്ന് അന്ത്യത്താഴത്തിൽ ഈശോ പറഞ്ഞിരുന്നു (ലൂക്കാ 22,18). പീഡാനുഭവത്തിനുശേഷം നാല്പതു ദിവസത്തേയ്ക്ക് ഈശോ ശിഷ്യരുടെയിടയിൽ പ്രത്യക്ഷനായി ദൈവരാജ്യത്തെക്കുറിച്ചു പഠിപ്പിക്കുകയും, വേണ്ടത്ര തെളിവുകൾ നല്കിക്കൊണ്ട് ജീവിക്കുന്നവനായി പ്രത്യക്ഷപ്പെടുകയും അവരോടൊപ്പം ഭക്ഷണത്തിനിരിക്കുകയും ചെയ്തതായി പറയുന്നുണ്ടല്ലോ (ശ്ലീഹ 1,4). കർത്താവു സത്യമായും ഉയിർത്തെഴുന്നേറ്റു എന്ന വിശ്വാസം, അവൻ എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട ദിവസംതന്നെ എല്ലാ ശിഷ്യർക്കുമുണ്ടായി. "അപ്പം മുറിക്കൽ" ശിഷ്യസമൂഹത്തിന്റെ ആരാധനാനുഷ്ഠാനമാണ്; കുർബാനാനുഭവമാണ്. ആദിമസഭാസമൂഹം രൂപംകൊണ്ടപ്പോൾ മുതൽ സഭാജീവിതത്തിന്റെ കേന്ദ്രബിന്ദുവായി "അപ്പം മുറിക്കൽ" അഥവാ കുർബാനാനുഭവം സഭയിലുണ്ടായിരുന്നു: "അവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന" എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേർന്നു" (ശ്ലീഹ 2,42). കുർബാനാനുഭവത്തിന് രണ്ടു ഭാഗങ്ങളാണുള്ളത്: വചനശുശ്രൂഷയും കൂദാശാശുശ്രൂഷയും. ഉത്ഥിതനായ മിശിഹാതന്നെയാണ് വചനശുശ്രൂഷയിലൂടെയും കൂദാശാശുശ്രൂഷയിലൂടെയും നമ്മോടു സംസാരിക്കുന്നതും നമുക്കുവേണ്ടി സ്വയം അർപ്പിക്കുന്നതും. അതുകൊണ്ട് പരിശുദ്ധ കുർബാനയിൽ സജീവമായി പങ്കുചേർന്ന്, ഉത്ഥിതനായ മിശിഹായുടെ സാന്നിദ്ധ്യത്തിലേക്കു കണ്ണുതുറന്ന്, പ്രത്യാശാജീവിതം നയിക്കുവാൻ എല്ലാ ക്രൈസ്തവരും വിളിക്കപ്പെട്ടിരിക്കുന്നു.



# ഉത്ഥിതമൊഴികൾ

**റവ. ഡോ. ജേക്കബ് കോയിപ്പള്ളി**
**ചങ്ങനാശ്ശേരി അതിരൂപത**

**ഈ**ശോയുടെ ജീവിതം ബേത്‌ലഹേമിൽ ആരംഭിക്കുമ്പോൾ ദൈവദൂതന്മാരുടെ രംഗപ്രവേശനം നാം കാണുന്നുണ്ട്. ദൈവദൂതന്മാർ ആട്ടിടയന്മാരെ ഈ സന്തോഷവാർത്ത അറിയിക്കുകയും കാലിത്തൊഴുത്തിൽ പിറന്ന ഉണ്ണിയെ ആരാധിക്കാനായി അവർ തിടുക്കത്തിൽ പോകുകയും ചെയ്തു എന്നു നാം വായിക്കുന്നുണ്ട് (ലൂക്കാ 2,8-16). ഇതിനു സമാനമാംവണ്ണം ഈശോയുടെ ഉത്ഥാനസമയത്തും ദൂതന്മാരുടെ രംഗപ്രവേശനം ഉണ്ട്. ഈശോയുടെ കല്ലറയിങ്കലേക്കു പോയ സ്ത്രീകൾക്കാണ് ദൈവദൂതന്റെ ദർശനമുണ്ടായത്. ദൂതന്റെ കയ്യിൽനിന്നു ലഭിച്ച സന്ദേശത്തിൽ സന്തോഷിച്ച് ശിഷ്യന്മാരെ സദ്വാർത്ത അറിയിക്കാനായി പോകുന്ന സ്ത്രീകളെക്കുറിച്ച് വി. മത്തായിയുടെ സുവിശേഷത്തിൽ നാം വായിക്കുന്നുണ്ട് (മത്താ 28,1-8). ഉത്ഥിതനായ ഈശോ നമുക്കു നൽകിയ തിരുവചനങ്ങളാണ് ഇവിടെ ധ്യാനവിഷയം.

**1. ഭയപ്പെടേണ്ട (മത്താ 28,11)**

ഉത്ഥിതനായ ഈശോ ലോകത്തോടു മുഴുവനോടും വ്യക്തിപരമായി ഓരോരുത്തരോടും പറയുന്ന വാക്കാണിത്. ലോകത്തെയും പാപത്തെയും മരണത്തെയും ജയിച്ചവന്റെ വാക്കു

കൾ! നാം പതറി പോകുന്ന സാഹചര്യങ്ങളിലും ഇടങ്ങളിലും ഈയൊരു വാക്ക് നമ്മുടെ കർണ്ണപുടങ്ങളിൽ പതിയണം. വിശ്വാസത്തിൽ ഭയത്തിന് സ്ഥാനമില്ല. ഭയം നമുക്ക് സ്വാതന്ത്ര്യം നൽകുന്നില്ല. ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യം നമുക്ക് നൽകപ്പെട്ടിട്ടും ഭയംമൂലം പലപ്പോഴും നാം നമ്മെ അടിമകളുടെ അവസ്ഥയിലാക്കുന്നു. 'ഭയപ്പെടേണ്ട, വിശ്വസിക്കുക മാത്രം ചെയ്യുക' എന്ന് ജായ്റോസിനോട് ഈശോ പറഞ്ഞു വാക്കുകളും വഞ്ചിയിൽ യാത്ര ചെയ്യവേ കൊടുങ്കാറ്റുണ്ടായപ്പോൾ 'നിങ്ങൾ പരിഭ്രമിച്ചതെന്തിന്?' എന്നു പറഞ്ഞ വാക്കുകളുമൊക്കെ ഓർമ്മിക്കുമ്പോൾ, തന്റെ ജീവിതത്തിലുടനീളം തന്റെ ശിഷ്യന്മാരെ ഈശോ പറഞ്ഞു ബോധ്യപ്പെടുത്തിയ ഒരു വചനമാണിത് എന്നു വ്യക്തമാകുന്നു. ഉത്ഥിതന്റെ ഈ ആഹ്വാനത്തിന് സാക്ഷികളാകേണ്ടവരാണ് നമ്മൾ. ഭയം കൂടാതെ വിശ്വാസം ജീവിക്കാനും ക്രിസ്ത്യാനികളുടെ മാറ്റുകൂട്ടുവാനും നമ്മുടെ ജീവിതങ്ങൾക്കു കഴിയണം. ഉത്ഥാനത്തിന്റെ സന്തോഷം നന്മയ്ക്ക് തിന്മയുടെ മുകളിലുള്ള ജയമാണ്. ഈ ഉത്ഥാന കാലയളവിൽ ഭയങ്ങൾക്കുമേൽ നമുക്ക് വിജയം കൈവരിക്കാം.

**2. ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ**

ശിഷ്യന്റെ, ക്രിസ്തു അനുഗാമിയുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യമാണ് സുവിശേഷപ്രഘോഷണം. സുവിശേഷപ്രഘോഷണം ഭയപ്പെടുത്തലല്ല, വ്യർത്ഥവാഗ്ദാനങ്ങൾ അടിച്ചേൽപ്പിക്കലുമല്ല, മറിച്ച് പ്രത്യാശ പകരലാണ്, മാനസാന്തരത്തിലേക്കുള്ള ആഹ്വാനമാണ്, പാപബോധത്തിൽനിന്നും നന്മയുടെ ഉയിർപ്പിലേക്കുള്ള ചൂണ്ടുപലകയാണ്. സുവിശേഷം ശ്രവിക്കുന്നവൻ ഒരേസമയം കഴിഞ്ഞകാലത്തെക്കുറിച്ച് അവബോധമുള്ളവനും വരുംകാലത്തെക്കുറിച്ച് പ്രത്യാശയുള്ളവനുമാകുന്നു. സുവിശേഷപ്രഘോഷണം പ്രഘോഷകനെയും ശ്രോതാവിനെയും ആനന്ദചിത്തമുള്ളവരാക്കുന്നു.

നാം പൊതുവെ മനസ്സിലാക്കുന്ന സുവിശേഷപ്രഘോഷണം വി.കുർബാനയ്ക്കിടയിലെയും ബൈബിൾ കൺവൻഷനുകളിലെയും വചനപ്രഘോഷണമാണ്. എന്നാൽ സുവിശേഷപ്രഘോഷണത്തിന് ബൃഹത്തായ ഒരർത്ഥമുണ്ട്. ഒരു മനുഷ്യനു തന്റെ പ്രവൃത്തിയിലൂടെ, സംസാരത്തിലൂടെ, നിശബ്ദതയിലൂടെയൊക്കെ സുവിശേഷം പ്രസംഗിക്കാം. നന്നായി സ്നേഹിക്കുന്നവൻ നന്നായി സുവിശേഷം പ്രസംഗിക്കുന്നു. നന്നായി വിശ്വസിക്കുന്നവൻ നന്നായി സുവിശേഷം പ്രസംഗിക്കുന്നു. നന്മപ്രവൃത്തികൾ, കരുണയുടെ പ്രവൃത്തികൾ ചെയ്യുന്നവൻ സുവിശേഷം പ്രസംഗിക്കുന്നു, പാപസാഹചര്യങ്ങൾ ഒഴിവാക്കുന്നവനും ക്ഷമിക്കുന്നവനും സമയവും ആരോഗ്യവും മറ്റുള്ളവർക്കായി വ്യയം ചെയ്യുന്നവനും സുവിശേഷമാണ് പ്രസംഗിക്കുന്നത്. നിങ്ങളുടെ പരസ്പരസ്നേഹം മൂലം നിങ്ങൾ എന്റെ ശിഷ്യരാണെന്ന് ലോകമറിയും എന്ന് ഈശോ തന്റെ ശിഷ്യരെ ഓർമ്മിപ്പിക്കുന്നു. ഇത് നമുക്കെല്ലാവർക്കുമായുള്ള ഓർമ്മപ്പെടുത്തലാണ്.

ഇതിനോടു ബന്ധപ്പെടുത്തി ചിന്തിക്കേണ്ട മറ്റൊരു വസ്തുത സഹനമാണ്. സഹനങ്ങളെ നാം വിശ്വാസത്തോടെ നേരിടുമ്പോൾ, തന്നെ ഒറ്റിക്കൊടുക്കുന്നവന്റെ മുമ്പിലിരുന്ന് അപ്പംമുറിച്ച്, തന്റെ ശരീരം വാങ്ങി ഭക്ഷിക്കുവിൻ എന്നു പറഞ്ഞ ഈശോയെപ്പോലെ, ജീവിതത്തിൽ കടന്നുവരുന്ന സാഹചര്യങ്ങൾ സുവിശേഷത്തിന്റെ ജീവസുറ്റ പ്രഘോഷണമാക്കുന്നു. ഉത്ഥാനത്തിന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുമ്പോൾ സുവിശേഷപ്രഘോഷണത്തിനുള്ള വിളിയെ കൂടുതൽ ഊർജ്ജസ്വലമാക്കാം.

**3. അവിശ്വാസിയാകാതെ വിശ്വാസി ആയിരിക്കുക (യോഹ 20,27)**

വി. തോമാശ്ലീഹായോട് ഈശോ പറഞ്ഞ വാക്കുകളാണിവ. നാം വിശ്വസിക്കുന്നത് ഉത്ഥിതനായ ഈശോയിലാണ്. ഉത്ഥിതനായ ഈശോ ശിഷ്യന്മാരെ കുറ്റപ്പെടുത്തിയ രണ്ടു കാര്യങ്ങൾ അവരുടെ വിശ്വാസരാഹിത്യവും ഹൃദയകാഠിന്യവുമായിരുന്നു. ഞാൻ വിശ്വസിക്കുന്നത് ഉത്ഥിതനായ ഈശോയിലാണെന്ന ആത്മാഭിമാനം നമുക്കുണ്ടാവണം. ഉത്ഥിതനിൽ വിശ്വസിക്കുന്നവൻ ഉത്ഥാനത്തിൽ വിശ്വസിക്കുന്നു എന്നുള്ളതു മാത്രമല്ല, മറിച്ച് അവൻ തന്റെ സഹോദരങ്ങളെ ഉത്ഥാനത്തിന്റെ പാതയിലേക്കു നയിക്കുന്നു എന്നത് പ്രധാനപ്പെട്ടതാണ്. ഇപ്രകാരം നയിക്കണം എന്നുണ്ടെങ്കിൽ ഉത്ഥിതനായവനിൽ നമുക്ക് പാറപോലെ ഉറച്ച വിശ്വാസമുണ്ടാകണം. പുതിയനിയമത്തിൽ തങ്ങളുടെ വിശ്വാസംകൊണ്ട് ഈശോയെ വിസ്മയിപ്പിച്ച ചില കഥാപാത്രങ്ങളുണ്ട്. മരിക്കുംമുമ്പ് എപ്പോഴെങ്കിലും നമ്മുടെ വിശ്വാസത്താൽ നാം ഈശോയെ വിസ്മയിപ്പിക്കുമോ? ഞാൻ പ്രാർത്ഥിച്ചതു ലഭിച്ചില്ല, അതുകൊണ്ട് ഞാൻ വിശ്വസിക്കില്ല എന്ന ലോജിക്കിൽ ജീവിക്കുന്ന ഒരുപാട് ആളുകളുള്ള ഈ ലോകത്ത്, എല്ലാം നന്മയ്ക്കായി പരിണമിക്കപ്പെടും എന്ന ബോധ്യത്തിൽ ജീവിക്കാൻ കഴിയുന്നതാണ് വിശ്വാസം. ഹൃദയകാഠിന്യമുള്ളവൻ വിശ്വസിക്കാൻ നന്നേ ക്ലേശിക്കേണ്ടിവരും. ഹൃദയകാഠിന്യം അനേകം തിന്മകളുടെ കൂട്ടായ്മയാണ്. തിന്മകൾ കുമിഞ്ഞുകൂടുന്ന ഒരു ഹൃദയത്തിൽ വിശ്വാസം അഭിനയമായി അധഃപതിക്കും. തിന്മയും വിശ്വാസവും ചേർന്നുപോകുന്ന യാഥാർത്ഥ്യങ്ങളല്ല. വിശ്വാസത്തിന്റെ മുഖമുദ്ര അനുതാപമാണ്. അതുകൊണ്ടുതന്നെയാണ് തന്റെ പ്രസംഗത്തിൽ ഈശോ അനുതപിച്ചു സുവിശേഷത്തിൽ വിശ്വസിക്കുവിൻ എന്ന് ആഹ്വാനം ചെയ്യുന്നത്. വിശ്വസിക്കുന്നവന് ഒന്നുമാത്രമേ അറിയൂ. തമ്പുരാൻ എല്ലാം കാണുന്നു, എല്ലാം അറിയുന്നു. എല്ലാം ക്രമീകരിക്കുന്നു. അതിനാൽ അവന് ആശങ്കകളില്ലാതെ ജീവിക്കാൻ കഴിയുന്നു. മരണത്തിന്റെയും രോഗത്തിന്റെയുമൊക്കെ മുമ്പിൽ വി. പൗലോസ് പഠിപ്പിച്ച വാക്കുകൾ പ്രസക്തമാണ്: "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല".

**4. യുഗാന്തം വരെ ഞാൻ കൂടെയുണ്ടായിരിക്കും**

ഉത്ഥിതനായ ഈശോ ശിഷ്യന്മാർക്കും ലോകംമുഴുവനുമുള്ളവർക്കുമായി നല്കുന്ന ഉറപ്പാണിത്. ഏതൊരു ക്രിസ്തുശിഷ്യന്റെയും മൂലധനം "ഈശോ കൂടെയുണ്ട്" എന്നുള്ളതാണ്. ഈയൊരു വാക്കിലൂടെ ഈശോ നമ്മോടു പങ്കുവയ്ക്കുന്നത് അവൻ ഇന്നലെയും ഇന്നും എന്നുമുള്ളവർക്ക് സമീപസ്ഥനാണ് എന്നുള്ളതാണ്. സഭയിലും സമൂഹത്തിലുമൊക്കെ പ്രതിസന്ധികളുണ്ടാകുമ്പോൾ, തിന്മ അതിന്റെ ചിറകുവിടർത്തിയാടുന്നു എന്നു തോന്നുമ്പോൾ നഷ്ടധൈര്യരാകാതിരിക്കാനും ഈ ഉറപ്പ് നമ്മെ സഹായിക്കുന്നു. ജീവിതത്തിൽ മനുഷ്യർ നഷ്ടധൈര്യരാകുമ്പോഴാണ് നിഷേധാത്മകതകളിലേക്കു യാത്രചെയ്യുന്നത്.

അടുത്തകാലങ്ങളിൽ കേരളം സാക്ഷ്യവഹിച്ച ഒട്ടേറെ സംഭവങ്ങളിൽ നിഷേധാത്മകതകളിൽ കൂപ്പുകുത്തി ആത്മഹത്യകളിലേക്കും കൊലപാതകങ്ങളിലേക്കും എത്തി ജീവൻ നശിപ്പിച്ച കുറെ പേരുണ്ട്. മാമോദീസാവെള്ളം ശിരസ്സിൽ വീണ ഓരോ മനുഷ്യന്റെയും ഉള്ളിലുണ്ടാകേണ്ട ഒരുറപ്പുണ്ട്. നാം ഒരിക്കലും തനിച്ചല്ല. ആരൊക്കെ നമ്മെ വിട്ടകന്നാലും, ആകാശവും ഭൂമിയും കടന്നുപോയാലും വള്ളിപുള്ളിമാറാത്ത വചനം തരുന്ന ഉറപ്പാണ് 'യുഗാന്തം വരെ ഞാൻ ഉണ്ട്' എന്നുള്ളത്. ഈ ഉറപ്പ് ഈ കാലയളവിൽ നമ്മെ ഏറെ സന്തോഷമുള്ളവരാക്കണം. മറ്റെല്ലാ കാരണങ്ങളും നഷ്ടപ്പെടുമ്പോഴും ഈശോ കൂടെയുണ്ട് എന്നുള്ളത് ജീവിക്കാനാവേശവും പ്രത്യാശയും നല്കുന്നു എന്നത് നന്ദിയോടെ ഓർക്കാം.



# പ്രയാസമോ...? പ്രത്യാശിക്കുക

റെനി പുത്തേട്ട്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഷാ**രോൺ എന്ന യുവാവ് ഏറെ വേദനിക്കുന്ന ഹൃദയത്തോടെയാണ് കൗൺസിലിംഗ് റൂമിലേക്ക് കയറിവന്നത്. തന്റെ സഹനത്തിന്റേതായ യാതൊന്നും മുഖത്തു പ്രകട മാകാതിരിക്കാൻ അവൻ പരമാവധി പരിശ്രമിക്കുന്നുണ്ടായിരുന്നു. എങ്കിലും അവന്റെ ഹൃദയവേദനയുടെ ആഴം കുറെയൊക്കെ ആ മുഖത്ത് വ്യക്തമായിരുന്നു. അവൻ സംസാരിക്കാൻ ആരംഭിച്ചപ്പോൾതന്നെ പൊട്ടിത്തെറിക്കാൻ തയ്യാറായി നിൽക്കുന്ന ഒരു അഗ്നി പർവതത്തിൽനിന്ന് തിളച്ചുപതഞ്ഞു പുറത്തേയ്ക്കൊഴുകുന്ന ലാവ പോലെ അവന്റെ ഓരോ വാക്കും എനിക്ക് അനുഭവപ്പെട്ടു. തന്റെ സങ്കടക്കടൽ ആരോടെങ്കിലും പങ്കുവെക്കാൻ വെമ്പുകയായിരുന്ന അവൻ നൊമ്പരത്തിന്റെ ചൂടു നിറഞ്ഞ വാക്കുകൾ സാവധാനം പറഞ്ഞു തുടങ്ങി.

നിർബന്ധ ബുദ്ധിക്കാരനായ അച്ഛന്റെ അമിതമായ നിയന്ത്രണവും ശിക്ഷണവുമെല്ലാം അവന്റെ ബാല്യകാലത്തെ തളർത്തിയിരുന്നു. ആ അച്ഛന്റെ കഠിനമായ ജീവിത

സാഹചര്യങ്ങളാണ് തന്റെ മകനോടു ക്രൂരമായി പെരുമാറാൻ ഇടയാക്കിയത്. തന്റെ മകനെ താൻ ആഗ്രഹിക്കുന്നതുപോലെ വളർത്തിയെടുക്കാൻ അയാൾ ആഗ്രഹിച്ചു. താൻ ചൂണ്ടിക്കാട്ടുന്ന വഴിയെ മാത്രം നടത്തി, മകനെക്കുറിച്ചുള്ള തന്റെ സ്വപ്നം സാക്ഷാത്കരിച്ചെടുക്കാൻ പരമാവധി ശ്രമിച്ച അച്ഛൻ, തന്റെ മകൻ ഒരു വ്യക്തിയാണെന്നും അവനും അവന്റേതായ വ്യക്തിത്വവും ഇഷ്ടങ്ങളും താത്പര്യങ്ങളുമൊക്കെയുണ്ട് എന്നുമുള്ള സത്യം പാടെ മറന്നു. അതിനാൽ വളർന്നു വരുംതോറും മകൻ അച്ഛനിൽ നിന്ന് അകന്നുതുടങ്ങി. തന്റെ വഴിയെ മകൻ നടക്കില്ലെന്നു മനസ്സിലാക്കിയ അച്ഛൻ യുവത്വത്തിലേക്കു പ്രവേശിക്കുന്ന തന്റെ മകനെ പരിഗണിക്കാതായി, അംഗീകരിക്കാതായി. അവൻ ആ വീട്ടിൽ ഒരു ബാധ്യതയാണെന്ന രീതിയിൽ അച്ഛൻ പെരുമാറാൻ തുടങ്ങി. ഈയൊരു സാഹചര്യം പതുക്കെ പതുക്കെ അച്ഛനോടുള്ള വെറുപ്പിലേക്ക് അവനെ നയിച്ചു. ഈ സമയത്താണ് കോവിഡിന്റെ രംഗപ്രവേശനം. കോവിഡ് അവന്റെ കുടുംബത്തെയും വെറുതെ വിട്ടില്ല. വീട്ടിൽ എല്ലാവർക്കും കോവിഡ് ബാധിച്ചു. എന്നാൽ അച്ഛന്റെ അവസ്ഥ ഏറെ ഗുരുതരമായി. ഐ. സി. യു. വിലേക്ക് മാറ്റിയ അച്ഛൻ അവിടെവച്ച് മകനെ കാണണമെന്ന് ആവശ്യപ്പെട്ടു. തനിക്കാവുന്ന രീതിയിൽ ആ അച്ഛൻ മകനോടു മാപ്പു ചോദിച്ചു മരണത്തിന് കീഴടങ്ങി.

പിന്നീട് കാലം മുമ്പോട്ടു നീങ്ങുംതോറും അവൻ കുറ്റബോധത്തിന് അടിമയാകാൻ തുടങ്ങി. താൻ അച്ഛനെ വേദനിപ്പിച്ചു, അച്ഛന്റെ ശാപം മാത്രമേ തനിക്ക് ഉള്ളൂ, അച്ഛന്റെ അനുഗ്രഹം ഇല്ലാത്തതിനാൽ താൻ ഒരിടത്തും ഗതി പിടിക്കില്ല ഇങ്ങനെയുള്ള ചിന്തകളാണ് പിന്നീടങ്ങോട്ട് അവന്റെ ജീവിതാനുഭവങ്ങളെ ഭരിച്ചത്.

അവന്റെ സങ്കടക്കടലിൽനിന്ന്, അവനെ കരയേറ്റാൻ ആദ്യമവന് പ്രത്യാശയുടെ തോണി നൽകണമെന്നു മനസ്സിലായി. പിന്നെ ആ വഴിക്കായിരുന്നു ഞങ്ങളുടെ ഓരോ കണ്ടുമുട്ടലും. ഇന്ന് അവൻ സന്തോഷവാനാണ്. വീട്ടിലും ജോലിസ്ഥലത്തുമെല്ലാം അവൻ എല്ലാവരുടെയും പ്രിയപ്പെട്ടവനായി മാറി. മാത്രവുമല്ല തന്നെപ്പോലെ വേദനിക്കുന്നവരെ കേൾക്കാനും അവരെ തന്നാലാവുന്നതുപോലെ സപ്പോർട്ട് ചെയ്യാനും ശ്രമിച്ചുകൊണ്ട് തന്റെ ജീവിതത്തിന്റെ നൗക ശാന്തമായി തുഴഞ്ഞ് അവൻ മുന്നേറുന്നു.


പ്രിയപ്പെട്ടവരെ, രക്ഷിക്കാൻ കഴിയാത്തവിധം കർത്താവിന്റെ കരം കുറുകി പോയിട്ടില്ല. കേൾക്കാനാവാത്ത വിധം അവിടുത്തെ കാതുകൾക്ക് മാന്ദ്യം സംഭവിച്ചിട്ടില്ല (ഏശ 59,1). ഇതാണു നമ്മുടെ ദൈവം! 'ഞാൻ വന്നത് നീതിമാന്മാരെ വിളിക്കാനല്ല പാപികളെ വിളിക്കാനാണ്' (മത്താ 9,13) എന്നു പറഞ്ഞ നമ്മുടെ ഈശോതന്നെയാണ് ഈ ആധുനിക ലോകത്തിലും അടിപതറിയവന്റെ, ആശയറ്റവന്റെ, അത്താണി. ജീവിതത്തിൽ എന്തെല്ലാം സങ്കടക്കടലുകൾ കടക്കേണ്ടി വന്നാലും നാം ഭയപ്പെടേണ്ട. നമ്മുടെ പ്രത്യാശയായ മിശിഹാ മരണത്തെ അതിജീവിച്ചു. പാപത്തെ പരാജയപ്പെടുത്തിയ ഉത്ഥിതനായ നമ്മുടെ ഈശോ നമുക്കായി സ്വർഗീയ പിതാവിന്റെ പക്കൽ മാധ്യസ്ഥം വഹിക്കുന്നു എന്നതും അവന്റെ ആത്മാവിനെ അയച്ചു നമ്മെ ശക്തിപ്പെടുത്തുന്നു എന്നതും ഈ കാലഘട്ടത്തെ പ്രത്യാശയോടെ അഭിമുഖീകരിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു. ഉത്ഥിതനായ ഈശോ നൽകുന്ന പ്രത്യാശയിൽ അടിയുറച്ചുകൊണ്ട് നമുക്കും മുന്നേറാം.

***കർത്താവേ, അങ്ങ് എന്നെ സുഖപ്പെടുത്തിയാൽ ഞാൻ സൗഖ്യം പ്രാപിക്കും.***
***അങ്ങ് എന്നെ രക്ഷിച്ചാൽ ഞാൻ രക്ഷ പ്രാപിക്കും.***
***അങ്ങിലാണ് എന്റെ പ്രത്യാശ.***



4

'പ്രത്യാശ'
ദൈവദാസൻ
വില്യം ജക്വീന്തായുടെ ചിന്തകളിൽ



# ക്രൈസ്തവർ മനുഷ്യവംശത്തിന്റെ പ്രത്യാശ

**റോസമ്മ കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**എ**ന്തുകൊണ്ട് ക്രൈസ്തവർ പ്രത്യാശയുള്ളവരും പ്രത്യാശയുടെ വാഹകരുമാകണം? ഇതിനുത്തരം കണ്ടെത്തണമെങ്കിൽ രോഗനിർണയത്തിനായി രോഗിയെ വിദഗ്ദ്ധ പരിശോധനയ്ക്കു വിധേയമാക്കേണ്ടതുപോലെ, ആദ്യമായി ഇന്നു സഭയും ലോകവും ജീവിക്കുന്ന സാമൂഹികസാഹചര്യത്തെ പരിശോധിച്ചു നോക്കേണ്ടിയിരിക്കുന്നു.

ഒന്നാമതായി, നാം ജീവിക്കുന്നത് പൈശാചികശക്തി കൊടികുത്തി വാഴുന്ന ഒരു കാലത്തിലാണ്. ഒരുവിധത്തിൽ പറഞ്ഞാൽ സാത്താൻ എല്ലാത്തിന്റെയും ഉടമയായി തീർന്നിരിക്കുന്ന അനുഭവം! തിന്മയുടെ ശക്തി പല ഭാവത്തിലും പല രൂപത്തിലും മനുഷ്യനെ കീഴടക്കിക്കൊണ്ടിരിക്കുന്ന ഒരു കാലം! ഈ സാഹചര്യത്തിനെതിരേ പോരാടിവേണം നാം ജീവിക്കുവാൻ. അതിന് സ്നേഹജീവിതം നയിക്കണം. ഏതെങ്കിലും വിധത്തിലുള്ള ഒരു സ്നേഹജീവിതം നയിക്കുന്നവരായാൽ പോരാ, മറിച്ച്, ദൈവത്തെയും സഹോദരങ്ങളെയും പരമാവധിയിൽ സ്നേഹിക്കുന്നവരാകണം. ദൈവത്തിനു കുറച്ചുമാത്രം കൊടുത്ത് തൃപ്തിപ്പെടേണ്ടവരല്ല നാം. അവിടുന്നു നമ്മോടു ചോദിക്കുന്നത് മുഴുവനുമാണ്; നമുക്കുള്ളതെല്ലാമാണ്. "നിന്റെ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും പൂർണ ശക്തിയോടുംകൂടെ സ്നേഹിക്കണം" - ഇതാണു സ്നേഹത്തിന്റെ അളവ്. ഓരോരുത്തരും എന്തായിരിക്കുന്നുവോ, ഏതു സാഹചര്യത്തിലായിരിക്കുന്നുവോ, അതനുസരിച്ചുവേണം ഈ 'കൊടുക്കൽ' നടത്തേണ്ടത്. ആരോഗ്യവാനോ രോഗിയോ, വൃദ്ധനോ യുവാവോ, ബുദ്ധിമാനോ ബുദ്ധിഹീനനോ, സംസ്കാരസമ്പന്നനോ അല്ലാത്തവനോ ആരായിരുന്നാലും ഓരോരുത്തരും തനിക്കുള്ളതു മുഴവൻ കൊടുത്തു സ്നേഹിക്കുക. ദൈവത്തിന്റെ വിളി വ്യക്തിപരമാണ്. അതുകൊണ്ട് മറുപടി നല്കുന്നതും വ്യക്തിപരമായിത്തന്നെ വേണം.

രണ്ടാമതായി, പൈശാചികത്വം വെറുപ്പും കൊലപാതകവുമായി മാറി. എവിടെയും അരാജകത്വം! ഈ സാഹചര്യത്തെ നാം നേരിടേണ്ടത് സഹോദരങ്ങളുടെ തെറ്റിനും രക്ഷയ്ക്കും വിശുദ്ധിക്കും നമുക്കു കൂട്ടുത്തരവാദിത്വമുണ്ട് എന്ന അവബോധത്തോടെ ജീവിച്ചുകൊണ്ടാണ്. കായേനോടു ചോദിച്ചതുപോലെ, 'നിന്റെ സഹോദരൻ എവിടെ?' എന്ന് കർത്താവു നമ്മോടും ചോദിക്കും. സഹോദരങ്ങൾ നേരിടുന്ന അനീതിക്കും അക്രമത്തിനുമെതിരായി നമുക്ക് എന്തു ചെയ്യാൻ സാധിക്കും? അതിനായി നമുക്ക് ദൈവതിരുമുമ്പിൽ മുട്ടുകൾ മടക്കി, കൈകൾ കൂപ്പി, തീവ്രമായി പ്രാർത്ഥിക്കാം; പരിത്യാഗപ്രവൃത്തികൾ ചെയ്യാം; വിശുദ്ധിയുടെ സാക്ഷ്യം നല്കാം. ഇപ്രകാരം തിന്മയ്ക്കെതിരെ മടുപ്പുകൂടാതെ നിരന്തരം പോരാടാനുള്ള മനസ്സ് നമ്മിൽ രൂപപ്പെ

ടുത്തണം. നമ്മുടെ നല്ല മനസ്സിനോടൊപ്പം ദൈവകൃപയുണ്ടെന്ന ഉറപ്പ് നമുക്കു തീർച്ചയായും ധൈര്യം പകരും.

മൂന്നാമതായി, പൈശാചികത്വം ഒരു സംഘടിതശക്തിയായി രൂപപ്പെട്ടിരിക്കുന്നു എന്ന താണ്. ഈ ശക്തി സഭയിലും സഭാഘടനകളിൽപോലും കയറിപ്പറ്റാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ എല്ലാ നല്ല മൂല്യങ്ങളുടെയും ഉറവിടം നശിപ്പിക്കുവാനുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കുന്നു. സംഘടിതമായ ഈ പൈശാചികതയ്ക്കെതിരെ സംഘടിതമായിത്തന്നെ നാം പോരാടണം. അതിനായി സാർവത്രിക വിശുദ്ധിയും സാർവത്രിക സാഹോദര്യവും വളർത്തിയെടുക്കണം.

ഇതെല്ലാം പ്രായോഗികതയിൽ എത്തിക്കാൻ സാധിക്കുമോ എന്ന സംശയം നമ്മിലുണ്ടാകാം. അതിലേക്കു നമ്മെ നയിക്കുന്ന ചില കാരണങ്ങളുമുണ്ട്.

-ക്രൈസ്തവർ ദൈവവുമായുള്ള ഉടമ്പടിബന്ധം വിച്ഛേദിക്കുന്നു. അധികാരത്തെയും നിയമത്തെയും കാറ്റിൽ പറത്തുന്നു.

-ദൈവം ആവശ്യപ്പെടുന്നവയോട് 'ആമ്മേൻ' പറയാനുള്ള, ഭാവാത്മകമായി പ്രത്യുത്തരിക്കാനുള്ള വിമുഖതമൂലം വിശ്വസ്തതയ്ക്ക് അർത്ഥമില്ലാതായി.

-സ്വാർത്ഥതയെ താലോലിക്കുന്ന പുതിയ മനുഷ്യശാസ്ത്രത്തിന്റെ ആവിർഭാവം.

-സമകാലിക സമൂഹത്തിൽ വീരോചിത മാതൃകളുടെ കുറവും വീരോചിതമായി മുമ്പു ജീവിച്ചിരുന്നവരുടെ ചരിത്രം അറിയുന്നതിനു താല്പര്യമില്ലാത്ത അവസ്ഥയും. വിശുദ്ധരുടെ ജീവചരിത്രങ്ങളൊക്കെ വായിക്കുവാൻ സമയം കണ്ടെത്താത്ത മനുഷ്യൻ തന്റെ അധികസമയവും ആധുനിക മാധ്യമങ്ങൾ നല്കുന്ന വിനോദങ്ങളിലേർപ്പെട്ട് നഷ്ടപ്പെടുത്തുന്നു.

ദൈവം തന്റെ പ്രതീക്ഷ സാക്ഷാത്കരിക്കുന്നത് മനുഷ്യസൃഷ്ടികളിലൂടെയാണ്. അതുകൊണ്ട് നാം പ്രതീക്ഷയുടെ ഉപകരണങ്ങളാണ് എന്ന ബോധ്യത്തിൽ ജീവിക്കണം. നാശത്തിലേക്കു കൂപ്പുകുത്തിക്കൊണ്ടിരിക്കുന്ന മനുഷ്യരെ പ്രത്യാശ നല്കി പിടിച്ചെഴുന്നേൽപ്പിക്കേണ്ടതിന്റെ ഉത്തരവാദിത്വം നമുക്കുണ്ട്. അതിനായി നാം ചെയ്യേണ്ട ചില കാര്യങ്ങൾ:

-ദൈവം മനുഷ്യനുമായി സ്ഥാപിച്ച ഉടമ്പടിബന്ധത്തെ മനുഷ്യൻ തകർത്തു. പിച്ചിച്ചീന്തിയ ആ ഉടമ്പടിബന്ധത്തെ വീണ്ടും തുന്നിപ്പിടിപ്പിക്കുക.

-മാമോദീസായിലൂടെ നാം ദൈവത്തോടു പറഞ്ഞ 'ആമ്മേൻ' വിശ്വസ്തതയോടെ ജീവിക്കുക.

-പ്രത്യാശയുടെ ജീവിക്കുന്ന മാതൃകകളായിരിക്കുവാൻ ശ്രമിക്കുക.

-മനുഷ്യമനഃസാക്ഷിയുടെ രൂപീകരണകർത്താക്കളായി മാറിക്കൊണ്ട് നല്ലൊരു മനുഷ്യവംശത്തിനു രൂപംകൊടുക്കുക.





നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം:

1700-ാം വാർഷികത്തിൽ ഒരു ധ്യാനാത്മക വായന - 03

# ലോകരക്ഷകന്റെ മനുഷ്യാവതാരം


**റവ. ഫാ. ജോസഫ് ഈറ്റോലിൽ**
**ചങ്ങനാശ്ശേരി അതിരൂപത**


**ആമുഖം**

**വ**ചനമായ ദൈവം മാംസമായി മന്നിൽ അവതരിച്ചതാണ് ഈശോയുടെ തിരുപ്പിറവി. താൻ സ്വീകരിക്കാത്തതൊന്നും അവനു നവീകരിക്കാനാവാത്തതിനാൽ അവൻ മനുഷ്യപ്രകൃതിയെ സ്വീകരിച്ചു. ദൈവത്തിന്റെ അപരിമേയമായ സ്നേഹമാണ് സ്വന്തം പുത്രനെ അയയ്ക്കുന്നതിൽ നാം കാണുന്നത്. “എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല. പ്രത്യുത, അവൻ വഴി ലോകം രക്ഷപ്രാപിക്കാനാണ്'' (യോഹ 3,16-17). നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസ പ്രമാണത്തിന്റെ ധ്യാനാത്മകവായനയിൽ ഇത്തവണ നാം മനനം ചെയ്യുന്നത് “മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും അവിടുന്നു സ്വർഗത്തിൽ നിന്നിറങ്ങി, പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽ നിന്നു ശരീരം സ്വീകരിച്ചു മനുഷ്യനായി പിറന്നു” എന്ന ഭാഗമാണ്.

## 1. ദൈവം എന്തിനു മനുഷ്യനായി?

മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും ദൈവം മനുഷ്യനായി ഭൂമിയിൽ അവതരിച്ചതാണ് ഈശോമിശിഹാ എന്നു നമുക്കറിയാം. എന്തിനാണ് ദൈവത്തിന്റെ പുത്രൻ, വചനമായ ദൈവം, ഭൂമിയിൽ വന്നത്? കത്തോലിക്കാ തിരുസഭയുടെ മതബോധനഗ്രന്ഥം നാലു ലക്ഷ്യങ്ങളാണ് നമ്മെ പഠിപ്പിക്കുന്നത്.

a. ഒന്നാമതായി ദൈവം മനുഷ്യനായത് നമ്മെ ദൈവത്തോട് അനുരഞ്ജിപ്പിച്ച് നമ്മുടെ രക്ഷ സാധ്യമാക്കാൻ വേണ്ടിയാണ്. നമ്മുടെ രക്ഷയ്ക്കുവേണ്ടി അവിടുന്നു സ്വർഗത്തിൽ നിന്നിറങ്ങി എന്നാണല്ലോ നാം വിശ്വാസപ്രമാണത്തിൽ ഏറ്റുപറയുന്നത്. "നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ല, അവിടുന്നു നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്കു പരിഹാരബലിയായി സ്വപുത്രനെ അയയ്ക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം" എന്നാണ് ഇതിനെപ്പറ്റി യോഹന്നാൻശ്ലീഹാ പറയുന്നത് (1 യോഹ 4,10).

b. ദൈവം മനുഷ്യനായതിന്റെ രണ്ടാമത്തെ ഉദ്ദേശം മനുഷ്യൻ ദൈവത്തിന്റെ സ്നേഹം അറിയുക, അടുത്തനുഭവിക്കുക എന്നതാണ്. "തന്റെ ഏകപുത്രൻ വഴി നാം ജീവിക്കേണ്ടതിനായി ദൈവം അവനെ ലോകത്തിലേക്കയച്ചു. അങ്ങനെ, ദൈവത്തിന്റെ സ്നേഹം നമ്മുടെയിടയിൽ വെളിപ്പെട്ടിരിക്കുന്നു" (1 യോഹ 4,9).

c. മനുഷ്യാവതാരം മൂന്നാമതായി ലക്ഷ്യംവയ്ക്കുന്നത് നമുക്കു വിശുദ്ധിയുടെ മാതൃക നൽകുക എന്നതാണ്. ഈശോ വെറുതെ ഉപദേശങ്ങൾ പറയുകയും പഠിപ്പിക്കുകയും മാത്രമല്ല ചെയ്തത്, അവൻ അതെല്ലാം തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കി. ശത്രുക്കളെ സ്നേഹിക്കണം എന്നു പറഞ്ഞ ഈശോ കുരിശിൽ തന്നെ പീഡിപ്പിച്ചവരോട് ക്ഷമിച്ചു. സ്നേഹിക്കണം എന്ന് വെറുതെ പഠിപ്പിക്കുകയല്ല ഈശോ ചെയ്തത്; അവൻ ആദ്യം നമ്മെ സ്നേഹിച്ചു കാണിച്ചു. അതുകൊണ്ടാണ് "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം" (യോഹ 15,12) എന്ന് ഈശോയ്ക്കു പറയാൻ സാധിച്ചത്.

d. നാലാമതായി, നമ്മുടെ ദൈവികീകരണം സാധ്യമാക്കാനാണ് ഈശോ ഭൂമിയിൽ പിറന്നത്. സഭാപിതാവായ വി. അത്തനേഷ്യസ് പറയുന്നതുപോലെ "ദൈവം മനുഷ്യനായി, മനുഷ്യൻ ദൈവമാകുവാൻ". ദൈവം മനുഷ്യനാവുക വഴിയായി മനുഷ്യരായ നമുക്കും അവനിലൂടെ ദൈവത്വത്തിലേക്ക് അടുക്കാൻ സാധിക്കുകയാണ്. ദൈവത്തെ അറിഞ്ഞു സ്നേഹിക്കാനും ദൈവികപദ്ധതിയനുസരിച്ചു ജീവിക്കാനും ദൈവികതയിലേക്ക് വളരാനും മനുഷ്യനായി അവതരിച്ച പുത്രനിലൂടെ പിതാവ് നമ്മെ ക്ഷണിക്കുന്നു.

## 2. പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽ നിന്നു ശരീരം സ്വീകരിച്ചു

ദൈവദൂതന്റെ സന്ദേശത്തിനു മറിയം 'ഇതാ കർത്താവിന്റെ ദാസി' (ലൂക്കാ 1,38) എന്നു പ്രത്യുത്തരം നൽകുമ്പോൾ മനുഷ്യന്റെ രക്ഷയുടെ ചരിത്രത്തിലെ നിർണായക ഏടിനു തുടക്കം കുറിക്കുകയായിരുന്നു. വചനമായ ദൈവത്തിനു രണ്ടു ജനനങ്ങളാണുള്ളത്. ആദ്യത്തേത് അനാദിയിൽ പിതാവിൽനിന്നും വചനമായുള്ള ജനനം. രണ്ടാമത്തേത് സമയത്തിന്റെ പൂർണതയിൽ പരിശുദ്ധ കന്യകയിൽനിന്നും മനുഷ്യനായുള്ള ജനനം. അവന്റെ ദൈവത്വം പിതാവിന്റെ ദൈവത്വം തന്നെയാണ്. സത്തയിൽ മാറ്റമില്ലാത്ത പിതാവിന്റെ ഏകജാതനാണവൻ. അവിടുത്തെ മനുഷ്യശരീരം പരിശുദ്ധ കന്യകാമറിയത്തിൽനിന്നും സ്വീകരിച്ചതും. 'ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ' എന്ന മറിയത്തിന്റെ സന്ദേഹത്തിനു ഗബ്രിയേൽ മാലാഖ ഉത്തരം

നൽകുന്നത് "പരിശുദ്ധാത്മാവ് നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും. ആകയാൽ, ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും" (ലൂക്കാ 1,35) എന്നാണ്. ഈശോയുടെ മനുഷ്യശരീരസ്വീകരണത്തിൽ മാനുഷികസഹകരണം പരിശുദ്ധ അമ്മയ്ക്കു മാത്രമാണുള്ളത്. മാനുഷികമായി ഒരു പിതാവ് ഈശോയ്ക്കില്ല. പരിശുദ്ധ റൂഹായുടെ പ്രവർത്തനഫലമായാണ് പരിശുദ്ധ അമ്മ വചനം ഉദരത്തിൽ സ്വീകരിക്കാൻ ഇടയായത്.

കന്യകയായ മറിയത്തിൽനിന്നും പിറന്നുവെന്നാണ് നാം ഏറ്റുപറയുന്നത്. പരിശുദ്ധ അമ്മ നിത്യകന്യകയാണ്. മനുഷ്യാവതാരത്തിന്റെ മുമ്പും ഈശോയ്ക്കു ജന്മം കൊടുക്കുമ്പോളും ഈശോയുടെ ജനനത്തിനു ശേഷവും പരിശുദ്ധ അമ്മ കന്യകയായി തുടർന്നുവെന്നാണ് നാം വിശ്വസിക്കുന്നത്. "കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും എന്നു കർത്താവ് പ്രവാചകൻ മുഖേന അരുളിച്ചെയ്തതു പൂർത്തിയാകാൻവേണ്ടിയാണ് ഇതെല്ലാം സംഭവിച്ചത്" (മത്താ 1,22-23) എന്നാണ് ഈശോയുടെ ജനനത്തെക്കുറിച്ചു മത്തായിശ്ലീഹാ രേഖപ്പെടുത്തിയത്. വിശുദ്ധ ഗ്രന്ഥം ഉദ്ധരിച്ചുപോലും മറിയത്തിന്റെ കന്യകാത്വത്തെ സംശയിക്കുന്നവർക്ക് സഭ എക്കാലവും ആരാധനാക്രമത്തിലുപയോഗിക്കുന്ന "നിത്യകന്യക" എന്ന വിശേഷണം അടിസ്ഥാനമാക്കി മറുപടി നൽകുന്നു. മാനുഷികമായ ചിന്തയ്ക്കും ഗ്രഹണശക്തിക്കും ഉപരിയായ ഈ സത്യം ദൈവത്തിന്റെ പ്രത്യേകമായ തിരഞ്ഞെടുപ്പും കൃപാവരവും വഴിയായി പരിശുദ്ധ അമ്മയ്ക്കു സംലഭ്യമായ അസുലഭദാനമാണ്.

### 3. മനുഷ്യനായി പിറന്നു: പൂർണ ദൈവവും പൂർണ മനുഷ്യനും

ഈശോ പൂർണ ദൈവവും പൂർണ മനുഷ്യനുമായിരുന്നു. അവന്റെ ദൈവത്വവും മനുഷ്യത്വവും ഒരു രൂപമോ ബിംബമോ അല്ല. പൂർണമായ അർത്ഥത്തിൽ അവൻ ഒരേസമയം ദൈവവും മനുഷ്യനും ആയിരുന്നു. ദൈവികവ്യക്തിയിൽ ഉൾച്ചേർന്ന ദൈവിക-മാനുഷിക സ്വഭാവങ്ങൾ! ആദ്യ സൂനഹദോസുകൾ ഈ സത്യം വിശദീകരിച്ചു. നിഖ്യായിൽ ഈശോയുടെ പൂർണ ദൈവത്വവും കോൺസ്റ്റാന്റിനോപ്പിളിൽ അവന്റെ പൂർണ മനുഷ്യത്വവും അസന്ദിഗ്ധമായി പ്രഘോഷിക്കപ്പെട്ടു. തുടർന്നുവന്ന കൗൺസിലുകൾ ഒരു വ്യക്തിയിൽ എങ്ങനെ രണ്ടു സ്വഭാവങ്ങൾ ഉൾച്ചേർന്നിരിക്കുന്നു, ഈശോയിൽ എങ്ങനെ രണ്ടു ഇച്ഛാശക്തികൾ ഒന്നായിരുന്നു, അവന്റെ ദൈവിക-മാനുഷിക അറിവുകളുടെ സംയോജനം, ദൈവിക-മാനുഷിക പ്രവർത്തനങ്ങളുടെ ഒരുമ, തുടങ്ങിയ കാര്യങ്ങൾ വിശദീകരിച്ചു. മനുഷ്യന്റെ ബൗദ്ധികമായ കഴിവുകൾക്കും അപ്പുറമാണ് ദൈവികമായ രഹസ്യങ്ങൾ. ഈ രഹസ്യങ്ങളിലുള്ള നമ്മുടെ വിശ്വാസമാണ് നാം വിശ്വാസപ്രമാണത്തിൽ ഏറ്റുചൊല്ലുന്നത്.

ഈശോയുടെ ദൈവത്വത്തെ സംശയിച്ച ആരിയനിസം, മനുഷ്യത്വത്തെ സംശയിച്ച അപ്പോളിനാരിയനിസം തുടങ്ങി നിരവധി പാഷണ്ഡതകൾ ഈശോയിലുള്ള വിശ്വാസത്തെ വികലമാക്കുന്ന രീതിയിൽ ചരിത്രത്തിൽ കടന്നുവന്നിട്ടുണ്ട്. അപ്പോഴെല്ലാം സത്യവിശ്വാസ സംരക്ഷകയായ തിരുസഭ തന്റെ മക്കളെ ശരിയായ പഠനങ്ങൾ നൽകി പരിപോഷിപ്പിച്ചു. ആവശ്യമായ സമയങ്ങളിൽ പരിശുദ്ധ സൂനഹദോസുകൾ വിളിച്ചും ശരിയായ പഠനങ്ങൾ നൽകിയും തിരുസഭ വിശ്വാസികളെ നേരായ മാർഗത്തിൽ വഴിനടത്തി. അത്തരത്തിലുള്ള ഒരു പരിശ്രമമാണ് നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണവും.

(തുടരും)



# ശാശ്വതവിശ്രാന്തിയിൽ

**വിൽസൺ ജോർജ് അറയ്ക്കൽ**
**നാഷണൽ മേജർ ബ്രദർ**
**സോഷ്യൽ ആനിമേറ്റേഴ്സ്**

**ഇ**ല്ലിക്കൽ ഇ.ജെ. മാത്യു-അന്നമ്മ ദമ്പതികളുടെ മൂന്നാമത്തെ മകനായി കോട്ടയം ജില്ലയിലെ പുതുപ്പള്ളിയിലാണ് ശ്രീ. കുര്യൻ മാത്യു ഇല്ലിക്കൽ ജനിച്ചത്. രാഷ്ട്രീയ, സാംസ്കാരിക, ആത്മീയ മേഖലകളിൽ സജീവ സാന്നിധ്യമായിരുന്ന അദ്ദേഹം അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ പ്രേഷിതസംരംഭമായ മാങ്ങാനം WiGi ഓഫ്സെറ്റ് പ്രസ്സിന്റെ മാനേജരായി മുപ്പതുവർഷത്തോളം സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു.

ദൈവദാസൻ വില്യം ജകഥീന്താ പിതാവിനാൽ സ്ഥാപിതമായ അത്മായ പുരുഷന്മാർക്കു വേണ്ടിയുള്ള സോഷ്യൽ ആനിമേറ്റേഴ്സ് എന്ന സഭാത്മക സംഘടനയുടെ ഇന്ത്യയിലെ ആദ്യകാല അംഗങ്ങളിൽ ഒരാളായിരുന്നു അദ്ദേഹം. സോഷ്യൽ ആനിമേറ്റേഴ്സിന്റെ നേതൃസ്ഥാനങ്ങളിൽ അദ്ദേഹം സേവനമനുഷ്ഠിക്കുകയും രണ്ടുതവണ റോമിൽ നടന്ന ജനറൽ അസംബ്ലിയിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു പങ്കെടുക്കുകയും ചെയ്തു. ഈ സംഘടനയുടെ ഇന്നുവരെയുള്ള വളർച്ചയിൽ അദ്ദേഹം വഹിച്ച നിസ്തുലമായ പങ്ക് ഈ സമയം കൃതജ്ഞതയോടെ ഓർക്കുന്നു.

സത്യാന്വേഷിയും സാത്വികനുമായിരുന്ന ശ്രീ. കുര്യൻ പള്ളിയോടും പള്ളിക്കാര്യങ്ങളോടും താൽപര്യത്തോടെ ചേർന്നു നിന്നിരുന്നു. വിശുദ്ധ കുർബ്ബാനയിൽനിന്നും ഹൃദയത്തിൽ ആർജ്ജിച്ചെടുത്ത മിശിഹായുടെ കരുണ മറ്റുള്ളവർക്കു കൊടുക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. തികഞ്ഞ സഭാസ്നേഹിയായിരുന്ന അദ്ദേഹം ഇടവകയിൽ വിവിധ സംഘടനകളുടെ പ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിച്ചിരുന്ന വ്യക്തികൂടിയായിരുന്നു. താൻ അംഗമായിരുന്ന സോഷ്യൽ ആനിമേറ്റേഴ്സ് സഭാത്മക സംഘടനയുടെ ആദർശം ഹൃദയത്തിലേറ്റെടുത്തുകൊണ്ട് അദ്ദേഹം ചെയ്തിരുന്ന സാമൂഹ്യസേവനങ്ങൾ അദ്ദേഹത്തിന്റെ വേർപാടിനുശേഷമാണ് ഉറ്റ ബന്ധുക്കൾ പോലും അറിയുന്നത്. പുഞ്ചിരിക്കുന്ന വദനവും സരസപ്രകൃതിയും അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു.

അദ്ദേഹത്തിന്റെ വിയോഗം ഭാര്യയും രണ്ടു മക്കളും അടങ്ങുന്ന കുടുംബാംഗങ്ങൾക്കു മാത്രമല്ല, അദ്ദേഹത്തെ അറിഞ്ഞ എല്ലാവരിലും ആഴമായ നഷ്ടബോധം സൃഷ്ടിച്ചിരിക്കുന്നു; പ്രത്യേകിച്ച് അപ്പസ്തോലിക് മാക്സിമലിസം കുടുംബാംഗങ്ങൾക്ക്. ആത്മാർത്ഥസ്നേഹത്തിന്റെ ഊഷ്മളമായ ഓർമ്മകൾ ഈ ഭൂമിയിൽ അവശേഷിപ്പിച്ചാണ് അദ്ദേഹം പരിശുദ്ധനായ ദൈവപിതാവിന്റെ മടിത്തട്ടിലേക്കു യാത്രയായത്. അദ്ദേഹത്തിന്റെ ദീപ്തസ്മരണയ്ക്കു മുന്നിൽ ഹൃദയംനിറഞ്ഞ ആദരാഞ്ജലികൾ.



# തൊമ്മിയുടെ തിരികൾ

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**തൊ**മ്മിക്കുഞ്ഞിന്റെ പ്രാർത്ഥനാമുറിയിൽ കത്തിച്ചുവെച്ച നാലുതിരികൾ തൊമ്മിക്കുഞ്ഞിനെ പോലെ വീട്ടുകാർക്കും പ്രിയങ്കരമായിരുന്നു. ദിവ്യപ്രകാശം പ്രസരിപ്പിക്കുന്ന മനോഹരമായ തിരികൾക്ക് വശ്യതയാർന്ന സുഗന്ധവും ഉണ്ടായിരുന്നു.

വീട്ടിൽ വരുന്ന വിരുന്നുകാരുടെയെല്ലാം ശ്രദ്ധാകേന്ദ്രമായിരുന്നു പത്തു വയസ്സുകാരൻ തൊമ്മിക്കുഞ്ഞിന്റെ അപൂർവ്വ പ്രകാശം ചൊരിയുന്ന തിരികൾ! പ്രഭാതത്തിൽ എഴുന്നേറ്റ് കത്തിനിൽക്കുന്ന തിരികളുടെമുമ്പിൽ കൈകൂപ്പി പ്രാർത്ഥിക്കുന്നത് തൊമ്മിക്കുഞ്ഞിന് ആനന്ദമായിരുന്നു! അന്നും പതിവുപോലെ തന്റെ പ്രാർത്ഥനാമുറിയിൽ പ്രാർത്ഥിക്കാൻ എത്തിയ തൊമ്മിക്കുഞ്ഞ് അവിടുത്തെ കാഴ്ച കണ്ട് അന്ധാളിച്ചു പോയി!

മൂന്ന് തിരികളും കെട്ടുപോയിരിക്കുന്നു! വിങ്ങിക്കരഞ്ഞുകൊണ്ട്, നിഷ്കളങ്കതയോടെ തന്റെ തിരികളോടു തൊമ്മി ചോദിച്ചു: "എന്തിനാ നിങ്ങൾ അണഞ്ഞു പോയത്?"

ഉടനെ 'സ്നേഹ തിരി' പറഞ്ഞു: ''എങ്ങനെ അണയാതിരിക്കും? ഇവിടെ ഒരു സ്നേഹവുമില്ല; എവിടെയാ സ്നേഹം ഉള്ളത്? ഏതെങ്കിലും കുടുംബത്തിൽ സ്നേഹം ഉണ്ടോ?

മാതാപിതാക്കളെ കൊല്ലുന്ന മക്കൾ.... മക്കളെ കൊല്ലുന്ന മാതാപിതാക്കൾ.... ഭാര്യാഭർത്താക്കന്മാർ തമ്മിൽ തല്ലി പിരിയുന്നു! കൂട്ടുകാർ, കൂടപ്പിറപ്പുകൾ എല്ലാവരും പരസ്പരം കുരുതി കൊടുക്കുകയാണ്! സ്നേഹമില്ലാത്ത ഈ ലോകത്ത് എനിക്ക് പ്രകാശിക്കാൻ കഴിയില്ല.... അതുകൊണ്ട് ഞാൻ തനിയെ കെട്ടു പോയതാണ്".

'സമാധാന തിരി' പറഞ്ഞു തുടങ്ങി: "എവിടെയാ സമാധാനം? നമ്മുടെ നാട് ലഹരിയുടെ നാടായില്ലേ? എം.ഡി.എം.എ സംഹാരതാണ്ഡവമാടുകയല്ലേ? ബാല്യ കൗമാര യുവ മനസ്സുകൾ ലഹരിയിൽ കുടുങ്ങി സുബോധം നഷ്ടപ്പെട്ട് മൃതിയടയുകയല്ലേ....? ഒരിടത്തും സമാധാനമില്ല. പിന്നെങ്ങനെ എനിക്ക് പ്രകാശിക്കാൻ കഴിയും?"

അതുവരെ മിണ്ടാതിരുന്ന 'സന്തോഷ തിരി' സങ്കടത്തോടെ പറഞ്ഞു: "സ്നേഹവും സമാധാനവും ഇല്ലാത്തിടത്ത് എങ്ങനെ സന്തോഷം ഉണ്ടാകും? ആഗ്രഹിച്ചിട്ടല്ല തനിയെ കെട്ടു പോയതാണ്...."

തൊമ്മിക്കുഞ്ഞിന്റെ തുടുത്ത കവിളിലൂടെ കണ്ണുനീർ ധാരധാരയായി ഒഴുകി.... കാൽമുട്ടിൽ മുഖമമർത്തി, നിരാശനായി, പ്രതീക്ഷയറ്റവനായി അവൻ ഇരുന്നു. പെട്ടെന്നൊരു പ്രഭാവലയം അവനെ ആവരണം ചെയ്തു! മുറിയിൽ അഭൗമമായ പ്രകാശം നിറഞ്ഞുനിൽക്കുയാണ്. പെട്ടെന്ന് അവൻ കേട്ടു: "തൊമ്മിക്കുഞ്ഞേ... സങ്കടപ്പെടാതെ... നിരാശനാകല്ലേ..."

ആരാ തന്നെ വിളിക്കുന്നത് എന്നറിയാൻ അവൻ ചുറ്റും നോക്കി. അവന് മനസ്സിലായി... 'പ്രതീക്ഷ തിരി' സംസാരിക്കുകയാണ്. പുഞ്ചിരി തൂകിക്കൊണ്ട് പ്രതീക്ഷ തിരി പറഞ്ഞു: "പ്രതീക്ഷയാകുന്ന എന്റെ പ്രകാശത്തിൽ നിന്നും തിരികൊളുത്തി സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും തിരികൾ തെളിക്കുക".

തൊമ്മിക്കുഞ്ഞ് പെട്ടെന്ന് പ്രതീക്ഷ തിരിയിൽ നിന്നുമുള്ള പ്രകാശംകൊണ്ട് സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്തോഷത്തിന്റെയും തിരികൾ തെളിച്ചു. അത്യുജ്ജ്വലമായ പ്രകാശത്താൽ വീട് മാത്രമല്ല നാട് മുഴുവൻ പ്രകാശിച്ചു!

പ്രതീക്ഷ തിരി തൊമ്മിക്കുഞ്ഞിനോട് വീണ്ടും പറഞ്ഞു: "കുഞ്ഞേ... സ്നേഹം നഷ്ടപ്പെടുമ്പോൾ, സ്നേഹം കിട്ടാതെ വരുമ്പോൾ, നിരാശനാകരുത്. പ്രതീക്ഷയോടെ വീണ്ടും ഭാവിയെ ഉറ്റുനോക്കുക, പ്രതീക്ഷയുടെ വിതക്കാരാവുക".

ജീവിത സംഘർഷങ്ങളുടെ നടുവിൽ സമാധാനം നഷ്ടപ്പെട്ട് ചുറ്റും ഇരുൾ പരക്കുമ്പോൾ നഷ്ടധൈര്യരാകാതെ പ്രതീക്ഷയോടെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുക. സന്തോഷം നഷ്ടപ്പെടുത്തുന്ന സാഹചര്യങ്ങളും സംഭവങ്ങളും അനുദിനം നീ നേരിടേണ്ടി വരുമ്പോഴും, ദുഃഖം ഘനീഭവിച്ച് കാർമേഘം ഇരുൾ പരത്തുമ്പോഴും പ്രതീക്ഷയുടെ സൂര്യതേജസ്സായി നീ ഉദിച്ചുയരണം. പ്രതീക്ഷയുടെ പ്രകാശം പ്രസരിപ്പിക്കാൻ നിനക്ക് സാധിക്കണം.... അതെ, ചങ്ങാതീ, എന്നോടും നിന്നോടും 'പ്രതീക്ഷ തിരി' സംസാരിച്ചു കൊണ്ടിരിക്കുകയാണ്.... വിഷയം "പ്രത്യാശ" തന്നെയാണ്.

ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്ത ജൂബിലി വർഷത്തിലെ ഉത്ഥാന തിരുനാളിൽ പ്രത്യാശയുടെ തീർത്ഥാടകരായ നമ്മെ ഓർമിപ്പിക്കുന്നത് പ്രതീക്ഷയുടെ വിതക്കാരാകാനാണ്. "ഈ പ്രത്യാശയിലാണ് നാം രക്ഷ പ്രാപിക്കുന്നത്. കണ്ടുകഴിഞ്ഞാൽ പ്രത്യാശ പ്രത്യാശയല്ല. താൻ കാണുന്നതിനെ ഒരുവൻ എന്തിന് പ്രത്യാശിക്കണം? എന്നാൽ കാണാതിരിക്കുന്നതിനെയാണ് നാം പ്രത്യാശിക്കുന്നതെങ്കിൽ അതിനുവേണ്ടി നാം സ്ഥിരതയോടെ കാത്തിരിക്കും" (റോമ 8,24).



# അമസിയാ

ഷിജി പറപ്പള്ളിയാത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

യൂദാരാജാവായ യോവാഷിന്റെ കാലശേഷം പുത്രനായ അമസിയാ രാജ്യഭരണം ഏറ്റെടുക്കുന്നു. ജറുസലേംകാരി യഹോവദാൻ ആയിരുന്നു അവന്റെ അമ്മ. ഭരണമേൽക്കുമ്പോൾ അമസിയായ്ക്ക് ഇരുപത്തഞ്ചുവയസ്സായിരുന്നു. അവൻ കർത്താവിന്റെ മുമ്പിൽ നന്മ ചെയ്തെങ്കിലും പിതാവായ യോവാഷിന്റെ പ്രവൃത്തികൾതന്നെ പിന്തുടർന്നു. ദൈവത്തെ അവൻ സേവിച്ചത് ഏകാഗ്രഹൃദയത്തോടെ ആയിരുന്നില്ല എന്നാണ് വി.ഗ്രന്ഥം രേഖപ്പെടുത്തിയിരിക്കുന്നത്. അവൻ പിതാവിന്റെ പൂജാഗിരികൾ സംരക്ഷിക്കുകയും അവയിൽ ബലികളും ധൂപാർച്ചനയും നടത്തുകയും ചെയ്തു. രാജാധികാരം ഉറപ്പിക്കപ്പെട്ടശേഷം പിതാവിന്റെ ഘാതകരെ അവൻ വധിച്ചു. തുടർന്ന് സൈന്യബലത്തെ ദൃഢപ്പെടുത്തുന്നതിനായി യൂദായിൽനിന്നും ബഞ്ചമിൻഗോത്രത്തിൽനിന്നും കുടുംബക്രമമനുസരിച്ച് സഹസ്രാധിപന്മാരെയും ശതാധിപന്മാരെയും നിയോഗിച്ചു. യുദ്ധശേഷിയുള്ളവരും കുന്തവും പരിചയും ഉപയോഗിക്കാൻ കഴിവുള്ളവരുമായ മൂന്നു ലക്ഷം പേരെ തിരഞ്ഞെടുത്തതിനു പുറമേ ഇസ്രായേലിൽനിന്ന് ഒരു ലക്ഷം പേരെ നൂറു താലന്ത് വെള്ളി കൂലികൊടുത്ത് വാങ്ങി. എന്നാൽ ഒരു ദൈവപുരുഷൻ വന്ന് അവനോടു പറഞ്ഞു: “രാജാവേ ഇസ്രായേൽ സൈന്യത്തെ നീ കൂടെകൊണ്ടുപോകരുത്. കർത്താവ് എഫ്രായിംകാരായ ഈ ഇസ്രായേല്യരോടുകൂടെയില്ല. ഇവർ യുദ്ധത്തിൽ നിനക്കു ശക്തിപകരുമെന്ന് നീ കരുതുന്നെങ്കിൽ ദൈവം ശത്രുവിന്റെ മുമ്പിൽ നിന്നെ വീഴ്ത്തും. സഹായിക്കാനും പരിത്യജിക്കാനും ദൈവത്തിനു കഴിയും. അമസിയാ ദൈവപുരുഷനോട് പറഞ്ഞു: ഇസ്രായേൽസൈന്യത്തിന് ഞാൻ നൂറു താലന്തു വെള്ളി കൊടുത്തുപോയല്ലോ! ദൈവപുരുഷൻ പറഞ്ഞു: അതിനേക്കാൾ കൂടുതൽ തരാൻ കർത്താവിന് കഴിവുണ്ട്” (2 ദിന 25,7–9). യൂദാ രാജാവായിരുന്ന

അമസിയാ ഇക്കാലമത്രയും "കൂടുതൽ തരുന്ന ദൈവത്തെ" അറിഞ്ഞിരുന്നില്ലേ? തന്റെ പിതാക്കന്മാരുടെ ദൈവത്തെ മറക്കുന്ന അമസിയാ! ഇച്ഛിക്കുന്നതെന്തും നല്കുന്ന ഓൺലൈൻ യുഗത്തിലാണ് നാമും ചുവടുകൾ വയ്ക്കുന്നത്. കുട്ടികളുടെ മനസ്സിൽപോലും ഇന്ന് എല്ലാം കൃത്യസമയത്ത് എത്തിക്കുന്നത് നൂതന ടെക്നോളജി ആണ്.

പിന്നീട് അമസിയാ ഇസ്രായേലിൽനിന്ന് വിലകൊടുത്തു വാങ്ങിയ സൈന്യത്തെ പിരിച്ചുവിട്ടു. തങ്ങളെ പിരിച്ചുവിട്ടതിൽ ഇസ്രായേൽസൈന്യത്തിന് അദ്ദേഹത്തോട് അമർഷം തോന്നി. അങ്ങനെ സ്വദേശത്തേയ്ക്ക് മടങ്ങിപോയ ഇസ്രായേൽസൈന്യം യൂദാനഗരങ്ങൾ ആക്രമിച്ച് മൂവായിരം പേരെ കൊല്ലുകയും കൈയ്യിൽ കിട്ടിയതെല്ലാം കവർന്നെടുക്കുകയും ചെയ്തു. കോപാകുലരായ ഇസ്രായേലിന്റെ പ്രതികരണം കാണുക!!!

താൻ സ്വന്തമാക്കിയ സൈന്യവുമായി അമസിയാ ഏദോമ്യരുമായി യുദ്ധം ചെയ്ത് അവരെ തോല്പിച്ചു. അവിടെനിന്ന് തിരികെ വന്നപ്പോൾ സെയിർ നിവാസികളുടെ ദേവവിഗ്രഹങ്ങളും കൂടെ കൊണ്ടുവന്നു. അവയെ സ്വന്തം ദേവന്മാരായി പ്രതിഷ്ഠിച്ച് ആരാധിക്കുകയും കാഴ്ചകളർപ്പിക്കുകയും ചെയ്തു. അവന്റെ വീഴ്ചയുടെ പരമ്പര അങ്ങനെ തുടരുന്നു. ഇതുമൂലം അമസിയായോടു ദൈവം കോപിച്ചു. ഒരു പ്രവാചകൻവഴി ദൈവം അവനെ ശാസിക്കുന്നു: "സ്വന്തം ജനത്തെ നിന്റെ കൈകളിൽനിന്നു രക്ഷിക്കാതിരുന്ന ഈ ദേവന്മാരെ നീ ആശ്രയിക്കുന്നത് എന്തിന്?" (2 ദിന 25,15). തന്റെയീ നിർദ്ദേശത്തെ ഖണ്ഡിക്കുന്ന അമസിയായെ ദൈവം നശിപ്പിക്കാൻ നിശ്ചയിച്ചിരിക്കുന്നുവെന്ന് പ്രവാചകൻ മുന്നറിയിപ്പു നല്കുന്നു.

സ്വയം ശിക്ഷ കൈപ്പറ്റുന്ന ഒരു രാജാവിന്റെ ദയനീയ അവസ്ഥ കാണുക! സ്വന്തദൈവത്തെ അവഗണിക്കുകയും അന്യദൈവത്തെ പൂജിക്കുകയും ചെയ്യുന്ന നടപടിയെ തിരുത്തുമ്പോൾ അസ്ഥിരചിത്തനായ അവന്റെ പ്രതികരണം നീതിയുള്ളതല്ല. ബാഹ്യനയനങ്ങൾക്കൊണ്ടു കാണാവുന്ന വിഗ്രഹങ്ങളെ ദൈവമായി കാണുകയും അവയുടെ പക്കലേക്കു കൈനീട്ടുകയും അവയെ പൂജിക്കുകയും ചെയ്യുന്നത് ആദ്ധ്യാത്മികജീവിതത്തിനു വിള്ളലേൽപിക്കുമെന്നതിൽ സംശയമില്ല. ദൈവശാസനക്കെതിരെ മറുതലിക്കാൻ മടിക്കാത്തവൻ മനുഷ്യനെ മാനിക്കുമോ? ഇന്നിന്റെ ശാപവും ഇതാണ്. ദൈവത്തെയും മനുഷ്യനെയും ഭയമില്ലാത്ത കഠിനമായ അവസ്ഥ.... അഹങ്കാരത്തിന്റെ മൂർത്തഭാവമാണത്. താൻപോരിമയാൽ സ്വയം വളരുകയും സഹജരെ താഴ്ത്തുകയും ചെയ്യുന്നവർ ലോകത്തിൽ ഒരു നന്മയും അവശേഷിപ്പിക്കാതെ കടന്നുപോകുന്നു.

അന്യദൈവത്തെ ആരാധിക്കാൻ തുടങ്ങിയതോടെ ജനവും അയാളെ കൂടുതൽ വെറുത്തു തുടങ്ങി. അഹങ്കാരത്താൽ ഉന്മത്തനായ അമസിയാ ഇസ്രായേൽരാജാവായ യഹോവാഷിനെ ബലപരീക്ഷണത്തിന് ക്ഷണിക്കുന്നു. അങ്ങനെ അഹങ്കാരം ഏറ്റുമുട്ടലിലേക്ക് വഴിമാറുന്നു. അത് അദ്ദേഹത്തിന്റെ പതനത്തിന് വഴിയൊരുക്കി. ഏദോമിലെ ദേവന്മാരെ സേവിച്ചതുകൊണ്ട് അമസിയായെ ശത്രുകരങ്ങളിൽ ഏല്പിക്കാൻ ദൈവം നിശ്ചയിച്ചിരുന്നു. യഹോവാഷ് അമസിയായുമായി ബേത്ഷേമെഷിൽ വച്ച് ഏറ്റുമുട്ടി; യൂദാസൈന്യം പരാജയപ്പെട്ടു. പടയാളികൾ സ്വഭവനത്തിലേക്ക് ഓടിപ്പോയി.

ദൈവം അമസിയായെ കൈവിട്ടു. യഹോവാഷ് അമസിയായെ ബന്ധിച്ച് ജറുസലേമിലേക്ക് കൊണ്ടുവന്നു. യൂദായിലെ കവാടം ഇസ്രായേൽ രാജാവ് ഇടിച്ചുതകർത്തു. ദേവാലയത്തിലെ സ്വർണവും വെള്ളിയും കൊണ്ടുള്ള പാത്രങ്ങൾ ഇസ്രായേൽക്കാർ കൊള്ളയടിച്ചു; രാജകൊട്ടാരത്തിലെ നിക്ഷേപങ്ങൾ കൈവശപ്പെടുത്തി. കൊള്ളമുതലും തടവുകാരുമായി സമരിയായിലേക്ക് അവർ മടങ്ങി.

കർത്താവിനെ കൈവിട്ടനാൾമുതൽ അമസിയായുടെ ജീവിതം ഇരുളടഞ്ഞതായി മാറി. നാൾക്കുനാൾ അവനെതിരെ ജറുസലേമിൽ ഗൂഢാലോചനകൾ നടന്നുകൊണ്ടിരുന്നു. അങ്ങനെ അമസിയാ ലാഖീഷിലേക്ക് ഒളിച്ചോടി; അവിടെവച്ച് അവർ അവനെ വധിച്ചു. മൃതദേഹം കുതിരപ്പുറത്തു കൊണ്ടുവന്ന് ദാവീദിന്റെ നഗരത്തിൽ പിതാക്കന്മാരോടുകൂടെ സംസ്കരിച്ചു. ഇരുപത്തിയൊൻപത് വർഷം അമസിയാ യൂദായിൽ രാജാവായി ഭരണം നടത്തിയിരുന്നു.

**അമസിയായുടെ ജീവിതം തരുന്ന പാഠങ്ങൾ:**

-ദൈവത്തെ മറന്നുള്ള ജീവിതം പരാജയപ്പെടും.

-അന്യദൈവത്തെ ആരാധിക്കരുത്.

-അഹങ്കാരം അധഃപതനത്തിന്റെ മുന്നോടിയാണ്.

-ദൈവശാസനയെ അവഗണിക്കരുത്.

-ദൈവത്തോട് ആലോചന ചോദിച്ചു ജീവിക്കാൻ ശ്രമിക്കുക.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Ph: 9497588192

# സെനക്കിൾ തരംഗം

## സന്ദേശം

പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിലെ ഉയിർപ്പുകാലത്തേക്കു നാം പ്രവേശിച്ചിരിക്കുകയാണ ല്ലോ. ഈശോമിശിഹായുടെ ഉത്ഥാനവും പ്രത്യക്ഷീകരണങ്ങളും നമ്മുടെ ക്രൈസ്ത വവിശ്വാസത്തിന്റെ കേന്ദ്രബിന്ദുവാണ്. പൗലോസ്ശ്ലീഹാ പറയുന്നതുപോലെ, "മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കോറി 15,14). ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസമാണ് നമ്മുടെ ക്രിസ്തീയജീവിതത്തിനും പൗരോഹിത്യജീവിതത്തിനും പ്രസക്തിയും അർത്ഥവും നല്കുന്നത്. നമുക്കു പ്രത്യാശ നല്കുന്നത് മരണാനന്തരജീവിതവും ഉത്ഥാനവുമാണ്. ഈ വർഷം ജൂബിലിവർഷമാണല്ലോ. ജൂബിലിവർഷത്തിന്റെ പ്രഖ്യാപിതവിഷയം 'പ്രത്യാശയുടെ തീർത്ഥാടകർ' എന്നതുമാണ്. നമ്മുടെ സഭാജീവിതം പ്രത്യാശയുടെ ജീവിതമാണെന്ന ബോദ്ധ്യം ദൈവജനത്തിൽ വളർത്തി അജപാലനശുശ്രൂഷ നിർവ ഹിക്കാൻ നമുക്കു പരിശ്രമിക്കാം

സ്നേഹാശംസകളോടെ,

മല്പാൻ മാത്യു വെള്ളാനിക്കൽ
സ്ഥാപകഡയറക്ടർ

## സെനക്കിൾ വാർത്തകൾ

2025 മാർച്ചുമാസം 11-12 തീയതികളിൽ സ്പിരിച്ചാലിറ്റി സെന്ററിൽവച്ച് പതിവു പോലെ സെനക്കിൾ മീറ്റിംഗ് നടന്നു. വി. യോഹന്നാന്റെ സുവിശേഷം 20-ാം അദ്ധ്യായം 11 മുതൽ 18 വരെയുള്ള വാക്യങ്ങളാണ് ഈ അവസരത്തിൽ ധ്യാനത്തിനും പങ്കുവ യ്ക്കലിനുമായി സ്വീകരിച്ചത്. 'മറിയം' എന്ന ഈശോയുടെ വിളിയാണ് ഉത്ഥിതനായ ഈശോയെ തിരിച്ചറിയുവാൻ മഗ്ദലേനമറിയത്തെ സഹായിച്ചത്. പരിശുദ്ധ കുർബാ നയിലെ 'വചനശുശ്രൂഷ' മിശിഹായെ തിരിച്ചറിയുവാനുള്ള വേദിയാണെന്ന വസ്തുത എല്ലാവരും ധ്യാനവിഷയമാക്കുകയും പങ്കുവയ്ക്കുകയും ചെയ്തു. അപ്പസ്തോലിക് സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടിന് ആദ്യമായി മെക്സിക്കോയിൽനിന്നും ആഫ്രിക്ക യിൽനിന്നും ആസ്പിരന്റ്സ് ഉണ്ടായി എന്ന വാർത്ത ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ മേജർ ഫാദർ അറിയിച്ചു.

# പ്രത്യാശയുടെ കിരണങ്ങൾ

**ഷിനി തെരേസ് മുതുപ്ലാക്കൽ**

“അടുത്തതായി മുഖ്യാതിഥിയുടെ സന്ദേശമാണുള്ളത്. നമ്മുടെ സ്കൂളിന്റെ വാർഷികസമ്മേളനം തുടങ്ങിയിട്ടും മുഖ്യാതിഥി എത്തിയിട്ടില്ല എന്നത് നിങ്ങളെ അമ്പരപ്പിക്കുന്നുണ്ടാവാം. ആരാണത് എന്ന ആകാംക്ഷ എല്ലാവർക്കുമുണ്ടല്ലേ...? ആളിവിടെ എത്തിയിട്ടുണ്ട്. ഒരു ബിഗ് ക്ലാപ്പോടെ നമുക്ക് ആ വ്യക്തിയെ സ്വീകരിക്കാം...”

നിറഞ്ഞ കരഘോഷത്തിനിടയിൽ കയറിവന്ന ആ വ്യക്തിയെ കണ്ട് സദസ്സ് ഒരു വേള സ്തബ്ധരായി. പിന്നീട് അടക്കിപ്പിടിച്ച സംസാരങ്ങൾ.... മിന്നിമറയുന്ന പലതരം മുഖഭാവങ്ങൾ.... സ്റ്റേജിലേക്കു കയറിവന്ന ആ സ്ത്രീയെ ഹെഡ്മാസ്റ്റർ പരിചയപ്പെടുത്തി. “നിങ്ങളിൽ പലർക്കും പല വിധത്തിൽ ഈ വ്യക്തിയെ പരിചയമുണ്ടാകാം. എങ്കിലും ഞാൻ പരിചയപ്പെടുത്തുക ഇപ്രകാരമാണ്. ഇതു സൂസൻ സക്കറിയാ. കഴിഞ്ഞവർഷം നമ്മുടെ സ്കൂളിൽ പത്താം ക്ലാസിൽ പഠിച്ചിരുന്ന ജേക്കബ് സക്കറിയായുടെ അമ്മ. മറ്റാരുടെയും വാക്ധോരണികളേക്കാളുപരി, പൊള്ളുന്ന ജീവിതയാഥാർത്ഥ്യങ്ങളിൽക്കൂടി കടന്നുപോയ സൂസന്റെ വാക്കുകൾ നിങ്ങളെ സ്പർശിക്കുമെന്ന് എനിക്കറിയാം. അതുകൊണ്ടാണ് ഏറെ നിർബന്ധിച്ച് സൂസനെ ഇവിടെ കൊണ്ടുവന്നത്. ഇവിടെ കൂടിയിരിക്കുന്ന എല്ലാവരുടെയും പേരിൽ സൂസനെ ഹൃദയപൂർവം സ്വാഗതം ചെയ്യുന്നു”. മൈക്ക് സൂസനു കൈമാറിയിട്ട് സാർ കസേരയിലിരുന്നു.

“എല്ലാവർക്കും നമസ്കാരം. നിങ്ങളിൽ പലരുടെയും മനസ്സിലുയരുന്ന ചിന്ത നിങ്ങളുടെ മുഖങ്ങളിൽനിന്നു വായിച്ചെടുക്കുവാൻ എനിക്കു കഴിയുന്നുണ്ട്. പഠനം പൂർത്തിയാക്കാതെ, പോലീസ്കേസും ജയിലും കോടതിയുമായി നടക്കുന്ന ഒരു കുട്ടിയുടെ അമ്മയായ എന്നെ എന്തു ഭാവിച്ചാണ് സ്കൂൾ അധികൃതർ ഈ വാർഷികസമ്മേളനത്തിൽ മുഖ്യാതിഥിയായി ക്ഷണിച്ചത് എന്ന ചിന്ത.... ഇങ്ങനെയൊരു ആവശ്യവുമായി ഇവർ എന്നെ സമീപിച്ചപ്പോൾ ഒഴിഞ്ഞുമാറുവാൻ ഞാനും ഒത്തിരി പരിശ്രമിച്ചു. എന്റെ മകൻമൂലം ഞാനനുഭവിക്കുന്ന മാനസിക വേദനയാലും ലജ്ജയാലും വീടിനുള്ളിൽത്തന്നെ ഒതുങ്ങിക്കൂടിയിരുന്ന എന്നെ ഇന്ന് നിങ്ങളുടെ മുമ്പിലെത്തിച്ചത് സ്കൂളധികൃതരുടെ നിർബന്ധവും, അതോടൊപ്പം ഈ സ്കൂളിലെ ഒരു കുഞ്ഞുപോലും എന്റെ മകനെപ്പോലെ വഴിതെറ്റിപ്പോകരുത് എന്ന ആഗ്രഹവുമാണ്.

‘എന്റെ ജീവിതമാണ് എന്റെ സന്ദേശം’ എന്ന് രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിജി പറഞ്ഞിട്ടുണ്ട്. അതുതന്നെയാണ് എനിക്കും പറയാനുള്ളത്; എന്റെ ജീവിതമാണ് എന്റെ സന്ദേശം. അതു മറ്റൊരു വിധത്തിലാണെന്നുമാത്രം. അതായത്, എനിക്കും എന്റെ മകനും സംഭവിച്ചത് നിങ്ങൾക്കാർക്കും സംഭവിക്കരുത്. ഞങ്ങൾ ഈ സ്ഥലത്ത് എത്തിയിട്ട് അധികം നാളുകളായിട്ടില്ല. അതുകൊണ്ടുതന്നെ നിങ്ങളിൽ പലർക്കും അറിയില്ലാത്ത ഞങ്ങളുടെ കഴിഞ്ഞ കാലജീവിതം ചുരുക്കിപ്പറയാം. ജേക്കബിന് അഞ്ചുവയസ്സുള്ളപ്പോഴാണ് ആകസ്മികമായി അവന്റെ പപ്പ മരിക്കുന്നത്. ഒത്തിരി നിർബന്ധിപ്പിക്കപ്പെട്ടെങ്കിലും, പിന്നീട് ഒരു വിവാഹത്തിനു ഞാൻ മുതിരാതിരുന്നത് ജേക്കബിനെ ഓർത്താണ്. പിന്നീടുള്ള എന്റെ ജീവിതം മുഴുവൻ അവനെ ചുറ്റിപ്പറ്റിയായിരുന്നു. എന്റേതായ സുഖവും സന്തോഷങ്ങളുമെല്ലാം അവനെപ്രതി ഞാൻ വേണ്ടെന്നുവച്ചു.

പഠിക്കാൻ മാത്രമല്ല, പാഠ്യേതരവിഷയങ്ങളിലും മിടുക്കനായിരുന്ന അവൻ പള്ളിയിലും സ്കൂളിലുമൊക്കെ മറ്റു കുട്ടികൾക്കു മാതൃകയായിരുന്നു. അവനെപ്പറ്റി കേട്ടിരുന്ന നല്ല കാര്യങ്ങളിൽ ഞാൻ അഭിമാനിച്ചിരുന്നു. അതുകൊണ്ടുതന്നെ അവൻ ക്ലാസുകൾ കട്ടു ചെയ്ത് കൂട്ടുകാരുമൊത്ത് കറങ്ങാൻ പോകുന്നുണ്ട് എന്ന് ടീച്ചേഴ്സ് പറഞ്ഞപ്പോൾ ഞാൻ വിശ്വസിച്ചില്ല. എന്റെ മോൻ അങ്ങനെ ചെയ്യില്ല എന്നും അവന്റെ വളർച്ചയിൽ അസൂയ തോന്നുന്നവർ പറഞ്ഞുപരത്തുന്ന പരദൂഷണമാണെന്നും പറഞ്ഞ് ഞാനവരോടു തർക്കിച്ചു.

അതിനുശേഷമാണ് അവന്റെ സ്വഭാവത്തിലെ ചില മാറ്റങ്ങൾ ഞാൻ ശ്രദ്ധിക്കാൻ തുടങ്ങിയത്. അവന്റെ സംസാരം കുറഞ്ഞുവന്നു. വീട്ടിൽ വൈകി വരാൻ തുടങ്ങി. ചോദിക്കുമ്പോൾ പല കാരണങ്ങൾ പറഞ്ഞു. കൂടുതൽ പണം ചോദിക്കാൻ തുടങ്ങി. എന്തെങ്കിലും ചോദിച്ചാൽ ദേഷ്യപ്പെടും. അവൻ ലഹരി ഉപയോഗിക്കാൻ തുടങ്ങിയിരുന്നു എന്ന് തിരിച്ചറിയാൻ എനിക്കു കഴിയാതെപോയി. പലരും സംശയം പറഞ്ഞിരുന്നെങ്കിലും എന്റെ മോൻ അങ്ങനെ ചെയ്യില്ല എന്ന പല്ലവി ഞാൻ ആവർത്തിച്ചു, അവസാനം സ്കൂൾബാഗിൽനിന്നും സിന്തറ്റിക് ലഹരി കണ്ടെത്തുന്നതുവരെ...! അതു ചോദ്യം ചെയ്തപ്പോൾ ഇന്നുവരെ കാണാത്ത അവന്റെ മറ്റൊരു ഭാവം ഞാൻ കണ്ടു. അവനെ ഇത്രയും കാലം നുള്ളി നോവിച്ചിട്ടില്ലാത്ത എന്നെ അവൻ വല്ലാതെ ഉപദ്രവിച്ചു. അവന്റെ ഓരോ അടിയും വേദനിപ്പിച്ചത് ശരീരത്തെക്കാളുപരി എന്റെ ഹൃദയത്തെയാ.... വീട്ടിലുള്ള പലതും തല്ലിത്തകർത്ത് അന്നവൻ ഇറങ്ങിപ്പോയി" കണ്ണുകൾ തുടച്ച്, വിതുമ്പലടക്കി സൂസൻ തുടർന്നു.

ഡി-അഡിക്ഷൻ സെന്ററിലെ ചികിത്സകളെല്ലാം കഴിഞ്ഞ് ഒരു പുതിയ തുടക്കമിടാനാണ് ഈ നാട്ടിലേക്കു ഞങ്ങൾ വന്നത്. എന്നാൽ ലഹരിമാഫിയ അവനെത്തേടി ഇവിടെയുമെത്തി. വീണ്ടും അവൻ അവരുടെ വലയിലകപ്പെട്ടു. പിന്നീടു സംഭവിച്ചതെല്ലാം നിങ്ങൾക്കറിവുള്ളതാണല്ലോ.... അവൻ നടത്തിയ അക്രമത്തിന്റെ പേരിൽ പോലീസ് കേസെടുത്തപ്പോൾ ഞാനെതിർത്തില്ല. തെറ്റു ചെയ്യുന്നത് ആരാണെങ്കിലും അവർ ശിക്ഷ അനുഭവിക്കണം. എങ്കിലും എന്റെ മോനെ ഞാനുപേക്ഷിക്കില്ല. ശിക്ഷാകാലാവധി അവന് തിരിച്ചറിവിന്റെ ഒരു കാലഘട്ടമായി മാറുമെന്നു ഞാൻ പ്രത്യാശിക്കുന്നു, അതിനായി പ്രാർത്ഥിക്കുന്നു. എന്റെ കണ്ണീർ ഒരിക്കലും നിഷ്ഫലമാകില്ലെന്നു ഞാൻ വിശ്വസിക്കുന്നു.



മാനസാന്തരപ്പെട്ടു തിരിച്ചുവരുന്നവരെ ചേർത്തുപിടിക്കണമേ എന്ന് ഞാനീ സമൂഹത്തോട് അപേക്ഷിക്കുകയാണ്. അവർ വീണ്ടും ലഹരിക്കെണിയിൽ വീഴാതിരിക്കാൻ കുടുംബത്തിലുള്ളവർമാത്രം ശ്രദ്ധിച്ചാൽ മതിയാകുമെന്ന് എനിക്കു തോന്നുന്നില്ല. അത്ര വിശാലവും ഭീകരവുമാണ് ലഹരിയുടെ നീരാളിക്കൈകൾ. ഇവിടെ കൂടിയിരിക്കുന്ന മാതാപിതാക്കളോട് എന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഞാനപേക്ഷിക്കുകയാണ്. എനിക്കു സംഭവിച്ച തെറ്റ്, ശ്രദ്ധക്കുറവ് ദയവുചെയ്ത് നിങ്ങൾക്കുണ്ടാകരുത്. മോന്റെ കൂട്ടുകാരെയും ദിനചര്യകളെയും വേണ്ടതുപോലെ ശ്രദ്ധിക്കാൻ എനിക്കു കഴിയാതെപോയി. അതുപോലെ, ലഹരി ഉപയോഗിക്കുന്നു എന്ന് സംശയം തോന്നിയപ്പോൾ, ഉടൻ തന്നെ മറ്റുള്ളവരുടെ സഹായം തേടാനും ഞാൻ ശ്രമിച്ചില്ല. നാണക്കേടു തോന്നി ഞാനെല്ലാം മറച്ചുവച്ചതുപോലെ ഇനിയാരും ചെയ്യാതിരിക്കട്ടെ എന്നാണ് ഞാനാഗ്രഹിക്കുന്നത്. സ്നേഹത്തോടെയും ക്ഷമയോടെയും തുറന്ന സംഭാഷണങ്ങളിലൂടെയും നല്ല ബന്ധങ്ങളിലൂടെയും നമ്മുടെ മക്കളെ ലഹരിയിൽനിന്ന് അകറ്റിനിർത്തണം എന്നാണ് എനിക്കു പറയാനുള്ളത്. ഉപദേശിക്കാൻ ഞാൻ ആരുമല്ല, എനിക്കതിന് അർഹതയുമില്ല. എന്നാൽ ഇതൊരു ഉപദേശമല്ല, വേദന തിങ്ങുന്ന ഹൃദയത്തോടുകൂടിയുള്ള ഒരു യാചനയാണ്; അപമാനഭാരം പേറുന്ന ഒരമ്മയുടെ വിനീതമായ ഒരപേക്ഷയാണ്.

മുന്നിലിരിക്കുന്ന കുഞ്ഞുങ്ങളെ ഒന്നോർമ്മിപ്പിച്ചോട്ടെ.... മയക്കുമരുന്നുകൾ നല്കുന്ന ലഹരി ഒരു വലിയ കെണിയാണ്. അതിൽ വീണ് നിങ്ങളുടെ ജീവിതവും സ്വപ്നങ്ങളും ഇല്ലാതാക്കരുതേ.... നിങ്ങളെ ജീവനുതുല്യം സ്നേഹിക്കുന്ന നിങ്ങളുടെ മാതാപിതാക്കളെ നിങ്ങൾ ഒരുവിധത്തിലും വേദനിപ്പിക്കരുത്. നിങ്ങൾക്കറിയാമോ, ഒരിക്കൽ 'ജേക്കബ് സക്കറിയായുടെ അമ്മ' എന്ന് അഭിമാനത്തോടെ പറഞ്ഞിരുന്ന എനിക്ക് ഈ വിശേഷണം പിന്നീട് അപമാനവും അരോചകവുമായി തോന്നിയിട്ടുണ്ട്. ഇങ്ങനെയൊരു അവസ്ഥ നിങ്ങൾമൂലം നിങ്ങളുടെ മാതാപിതാക്കൾക്കുണ്ടാകാതിരുന്നെങ്കിൽ.... എല്ലാം മാതാപിതാക്കളോടു തുറന്നു പറയുകയാണെങ്കിൽ തെറ്റിലേക്കു പോകാനുള്ള സാധ്യത കുറയും. പ്രേരണയുടെയും ഭീഷണിയുടെയും ഭയത്തിന്റെയും പേരിലായാലും മയക്കുമരുന്നുകൾ നല്കുന്ന ലഹരിയോട് 'നോ' എന്നു പറയാനുള്ള ധൈര്യം നിങ്ങൾക്കുണ്ടാകണം എന്നാണ് എന്റെ അപേക്ഷ.

ഒരു സമയത്ത് നിരാശയിൽ മുങ്ങിയ എനിക്കിപ്പോൾ എന്റെ മോൻ നല്ലവനായി തിരിച്ചുവരും എന്ന പ്രത്യാശയുണ്ട്. സ്നേഹത്തിനും നല്ല ബന്ധങ്ങൾക്കും ഏതൊരു പ്രതിസന്ധിയെയും മറികടക്കാൻ സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. മരിച്ച് അടക്കപ്പെട്ട് അഴുകാൻ തുടങ്ങിയ ലാസറിനെ ഉയിർപ്പിച്ച എന്റെ ദൈവം, തെറ്റുകളുടെ കയത്തിലാണ്ടുപോയ എന്റെ മകനെയും രക്ഷിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. ഏതൊരു ദുഃഖത്തിനുമപ്പുറം ആനന്ദത്തിന്റെ ഉദയമുണ്ട് എന്നോർമ്മിപ്പിച്ച, മരിച്ചടക്കപ്പെട്ട് മൂന്നാംനാൾ ഉത്ഥിതനായ എന്റെ ദൈവത്തിൽ ഞാൻ പ്രത്യാശിക്കുന്നു. പുതിയ ഉദയത്തിനായുള്ള എന്റെ കാത്തിരിപ്പിന്റെ ഈ നാളുകളിൽ നിങ്ങളോരോരുത്തരുടെയും സപ്പോർട്ട് ഞാൻ പ്രതീക്ഷിക്കുന്നു. എന്നെ ഇവിടേക്കു ക്ഷണിച്ച സ്കൂൾ അധികൃതർക്കും ഇത്രയും നേരം എന്നെ കേട്ടുകൊണ്ടിരുന്ന നിങ്ങൾക്കെല്ലാവർക്കും നന്ദി".

തെല്ലിട നേരത്തെ നിശബ്ദതയ്ക്കുശേഷമുയർന്ന നീണ്ടുനിന്ന കരഘോഷം സൂസന്റെ കണ്ണുകളെ വീണ്ടും ഈറനണിയിച്ചു. തന്റെ വാക്കുകൾക്കു സ്വീകാര്യത ലഭിച്ചതിലുള്ള സന്തോഷവും എല്ലാവരും ചേർന്നാൽ ധാർമ്മിക അടിത്തറയുള്ള ഒരു സമൂഹത്തെ രൂപപ്പെടുത്താനാവും എന്ന ആത്മവിശ്വാസവുമാകാം... അവളുടെ മുഖം പ്രസന്നമായിരുന്നു!

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



തങ്കമ്മ ചേപ്പനത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം:**
"മറിയത്തിന്റെ ആത്മാവാകുന്ന പറുദീസ സാത്താന് ഒരിക്കലും പ്രവേശിക്കുവാൻ സാധിക്കാത്തവിധം നിത്യമായി പൂട്ടപ്പെട്ടിരിക്കുന്നു" (വിശുദ്ധ ബർണാർഡ്).

പരിശുദ്ധ അമ്മേ, പാപസാഹചര്യങ്ങളിൽ വീണു പോകുമ്പോഴും, സ്നേഹവും പ്രതീക്ഷയും നഷ്ടപ്പെടുമ്പോഴും ഈശോയിലേക്കു ഞങ്ങളെ ചേർത്തുനിർത്തുവാൻ അമ്മ തുണയായി കൂടെയുണ്ടാകണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**
"സുഗന്ധപൂരിതമായ ഒരു വസ്തുവിൽ സ്പർശിച്ചാൽ നമ്മുടെ കൈകൾക്ക് സൗരഭ്യം കിട്ടുന്നതുപോലെ നമ്മുടെ പ്രാർത്ഥന പരിശുദ്ധ അമ്മയിലൂടെ കടന്നുപോകുമ്പോൾ പരിമളം കൊണ്ട് നമ്മുടെ ജീവിതവും നിറയുന്നു" (വിശുദ്ധ ജോൺ മരിയ വിയാനി).

പരിശുദ്ധ അമ്മേ, ജീവിതത്തിൽ പ്രതിസന്ധികളും പ്രയാസങ്ങളും നേരിടേണ്ടി വരുമ്പോഴും തളരാതെ അടുത്ത ചുവടു വയ്ക്കുവാനുള്ള ശക്തിക്കായി അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. 1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**മൂന്നാം ദിവ്യരഹസ്യം:**
"പഴം വേണ്ടവർ വൃക്ഷത്തിന്റെ അടുക്കൽ പോകുന്നതുപോലെ ഈശോയെ വേണ്ടവർ മറിയത്തിന്റെ അടുക്കൽ ചെല്ലണം" (വിശുദ്ധ അൽഫോൻസ് ലിഗോരി).

പരിശുദ്ധ അമ്മേ, ഞങ്ങളുടെ ജീവിതത്തിൽ കുറവുകളും വീഴ്ചകളുമൊക്കെ ഉണ്ടാകുമ്പോൾ ഈശോ എപ്പോഴും കൂടെയുണ്ട് എന്ന് വിശ്വസിക്കാനുള്ള കൃപയ്ക്കായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:**
അമ്മ പറഞ്ഞു: "അവർക്ക് വീഞ്ഞില്ല" (യോഹ 2,3).

പരിശുദ്ധ അമ്മേ, ജീവിതത്തിലെ വീഞ്ഞു തീർന്നുപോകുന്ന അവസരങ്ങളിൽ നഷ്ടധൈര്യരാകാതെ അങ്ങേ പുത്രനോടു ചേർന്നുനിൽക്കാനുള്ള അനുഗ്രഹത്തിനായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*


**അഞ്ചാം ദിവ്യരഹസ്യം:**
"ഹെനോക്ക് ദൈവത്തിന് പ്രിയങ്കരനായി ജീവിച്ചു. പിന്നെ അവനെ കണ്ടില്ല. ദൈവം അവനെ എടുത്തു" (ഉല്പ 5,24).

പരിശുദ്ധ അമ്മേ, ഞങ്ങളും ഒരുനാൾ മണ്ണോടു ചേരേണ്ടവരാണെന്ന ബോധ്യത്തിൽ മണ്ണിന്റെ ആകർഷണങ്ങളെ എതിരിട്ടു ജയിക്കാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*


“നിങ്ങളുടെ സ്നേഹം നിഷ്കളങ്കമായിരിക്കട്ടെ. തിന്മയെ
ദ്വേഷിക്കുവിൻ; നന്മയെ മുറുകെപ്പിടിക്കുവിൻ. നിങ്ങൾ അന്യോന്യം
സഹോദരതുല്യം സ്നേഹിക്കുവിൻ; പരസ്പരം ബഹുമാനിക്കുന്നതിൽ
ഓരോരുത്തരും മുന്നിട്ടുനിൽക്കുവിൻ. തീക്ഷ്ണതയിൽ മാന്ദ്യം
കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂ
ഷിക്കുവിൻ. പ്രത്യാശയിൽ സന്തോഷിക്കുവിൻ; ക്ലേശങ്ങളിൽ സഹനശീ
ലരായിരിക്കുവിൻ; പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരായിരിക്കുവിൻ.
സാധിക്കുന്നിടത്തോളം എല്ലാവരോടും സമാധാനത്തിൽ
വർത്തിക്കുവിൻ”
(റോമ 12,9-12,18)

**PRATHEEKSHAYUDE POOMOTTUKAL** (Malayalam Monthly)

**RNI: KERMAL/2014/59983**
**Published on 24th April 2025**



"ഉയിർപ്പിന്റെ പ്രത്യാശ ദൈവികക്ഷമയെക്കുറിച്ച്
നമുക്ക് ഉറപ്പു നല്കുന്നു.
പാപത്തിന്റെ ചാരത്തിൽ മുങ്ങിക്കിടക്കുമ്പോഴും
പ്രത്യാശ നമ്മെ ജീവിതത്തിന്റെ സന്തോഷകരമായ
യാഥാർത്ഥ്യത്തിലേക്കു നയിക്കുന്നു"
(പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ)

Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O.,
Kottayam - 686 018; Printed at WiGi Printers, Manganam P.O.,
Kottayam - 686 018, Ph: 9447420082, Email: wigipress@gmail.com; Published
at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal